

↑ മാറക്കാന സ്റ്റേഡിയം

മാധ്യമം • ഞായർ • 28 ആഗസ്റ്റ് 2016 • ലക്കം 1478

വാരാദ്യ മാധ്യമം

varadyam@madhyamam.in



↑ സാക്ഷി മാലിക്

**മാധ്യമത്തിനും മീഡിയവണിനും വേണ്ടി റിയോ ഒളിമ്പിക്സ് റിപ്പോർട്ട് ചെയ്ത ലേഖകന്റെ കായിക മാമാങ്ക സ്മരണകൾ**

# ഒളിമ്പിക് ദിനങ്ങൾ



← പി.വി. സിന്ധു

എം. ഫിറോസ് ഖാൻ

റിയോയിൽ ബസിറങ്ങിയത് നേരെ പട്ടാള സംഘത്തിനിടയിലേക്കാണെന്ന് പറഞ്ഞാൽ മതിയല്ലോ. സാവോപോളോയിൽ വിമാനമിറങ്ങി ഏഴു മണിക്കൂർ മനംനിറച്ച പ്രകൃതിക്കാഴ്ചകൾ കണ്ടുള്ള ബസ് യാത്രക്കൊടുവിലാണ് പട്ടാളപരിശോധന. പെട്ടിയും തോൾബാഗും തുറന്നുകാണിച്ചു. ഇന്ത്യയിൽനിന്നുള്ള മാധ്യമപ്രവർത്തകനാണ്, ഒളിമ്പിക്സ് റിപ്പോർട്ട് ചെയ്യാൻ വന്നതാണ് എന്നെല്ലാം പറഞ്ഞുനോക്കി. ഇതുവരെ കേട്ടിട്ടില്ലാത്ത ഭാഷയിൽ കർശനമായി എന്തൊക്കെയോ പറയുന്നുണ്ട്. അവസാനം പെട്ടിയിലെ മീഡിയവൺ മൈക്കും കേബ്ളും കണ്ടപ്പോഴാണ് തോക്കുധാരിക്ക് കാര്യം മനസ്സിലായത്. അതോടെ അയഞ്ഞു, ചിരിച്ചു. ബോട്ടഫോഗോ എന്ന സ്ഥലത്ത് ബുക്ചെയ്ത ഹോട്ടലിന്റെ വിലാസം കാണിച്ചുകൊടുത്തു. എന്നെയും കൂട്ടി ടാക്സികൾ നിരനിരയായി നിർത്തിയിടത്ത് ചെന്നാക്കി. നിറഞ്ഞ ചിരിയോടെ യാത്രയയച്ചു.

നല്ല മനുഷ്യർ, സഹൃദയർ, സഹായ സന്നദ്ധർ. പക്ഷേ, എല്ലാത്തിനും വിലങ്ങുതടിയായി ഭാഷ. ഒരു അന്താരാഷ്ട്ര ഭാഷയുടെ ആവശ്യകത ഇത്തരം യാത്രകളിലാണ് നമുക്ക് ബോധ്യപ്പെടുക.

മികച്ച സംഘാടനത്തിലൂടെ ഗംഭീര വിജയമായിരുന്നു റിയോ ഒളിമ്പിക്സ്. പക്ഷേ, 206 രാജ്യങ്ങളിൽനിന്ന് വരുന്നവരെ സഹായിക്കാൻ ഇംഗ്ലീഷ് ഭാഷ അറിയുന്നവരെ സജ്ജരാക്കുന്നതിൽ സംഘാടകർ പരാജയപ്പെട്ടു. മുറി ഇംഗ്ലീഷ് അറിയുന്നവർപോലും വിരളം. റസ്റ്ററന്റുകളിലും ബസ്, ട്രെയിൻ സ്റ്റേഷനുകളിലുമെല്ലാം അറിയിപ്പ് ബോർഡുകളെല്ലാം പോർചുഗീസിലായതും കുഴക്കി. അരലക്ഷത്തോളം വളന്റിയർമാർക്ക് ഓൺലൈനിലൂടെ നൽകിയ ഇംഗ്ലീഷ് പരിശീലനം ഫലപ്രദമായിരുന്നില്ലെന്ന് അവരുമായി സംസാരിക്കുമ്പോൾ മനസ്സിലാകും.

ബ്രസീൽ അദ്ഭുതപ്പെടുത്തിക്കൊണ്ടിരുന്നത് ഇങ്ങനെയൊക്കെയാണ്. ഇന്ത്യയെപ്പോലെ വികസ്വര ജനാധിപത്യ രാജ്യം. അഴിമതിയും ദാരിദ്ര്യവും ഇനിയും ഉച്ചാടനം ചെയ്തിട്ടില്ല. ദാരിദ്ര്യത്തിന്റെ വഴിയോരക്കാഴ്ചകൾ സാവോപോളോയിൽ ധാരാളം. വഴിയരികിലും പാലങ്ങൾക്കടിയിലും കൂടാരമുണ്ടാക്കിയും അല്ലാതെയും ജീവിക്കുന്നവർ. മുഷിഞ്ഞവേഷത്തിൽ തെരുവിൽ അലയുന്നവർ. റിയോയിലെത്തിയതോടെ ഇത്തരം കാഴ്ചകൾ കുറഞ്ഞു. നഗരത്തിലും ഗ്രാമങ്ങളിലുമെല്ലാം സമ്പന്നതയുടെ പൊലിമയുള്ള കാഴ്ചകൾ പൊതുവെ വിരളമായിരുന്നു.

കൊച്ചുകൊച്ചു വീടുകളാണ് കൂടുതലും. അധികവും ഓടിട്ടവ. പിന്നെ ഫ്ലാറ്റ്സമുച്ചയങ്ങളും. കേരളത്തെപ്പോലെ കൂറ്റൻ ചുറ്റുമതിലുകെട്ടിപ്പൊക്കിയ ആർഭാട വീടുകൾ എങ്ങും കണ്ടില്ല. ലക്ഷക്കണക്കിനാളുകൾ താമസിക്കുന്ന ഫവേലകൾ എന്ന ചേരി സമാന കൂരകളുടെ സമുദ്രങ്ങൾ വേറെ.

ആകെ 20 കോടി ജനങ്ങളിൽ മുക്കാൽ പങ്കും ജീവിക്കുന്നത് നഗരങ്ങളിലാണ്. അരനൂറ്റാണ്ട് മുമ്പുതന്നെ പകുതിയിലേറെ ജനം ഗ്രാമങ്ങളിലായിരുന്നെങ്കിൽ 2015ലെ യു.എൻ കണക്കനുസരിച്ച് 86 ശതമാനം നഗരങ്ങളിലാണ് താമസിക്കുന്നത്. ജീവിതമാർഗം തേടി ഗ്രാമങ്ങളിൽനിന്നുള്ള കൂട്ടകുടിയേറ്റത്തിന്റെ ഫലം. വ്യക്തികൾക്ക് കൈവശം വെക്കാവുന്ന ഭൂമിക്ക് പരിധിയില്ലാത്തതുകാരണം ഭൂമി കൂടുതലും ഭൂപ്രഭുക്കന്മാരുടെ കൈകളിലാണ്.

പക്ഷേ, വികസനത്തിൽ ഇന്ത്യയെക്കാൾ മുന്നിലാണെന്ന് പറയേണ്ടിവരും. പ്രത്യേകിച്ച്, അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ. രണ്ടു പ്രധാന നഗരങ്ങളായ സാവോപോളോയിലും റിയോ ഡെ ജനീറോയിലും സഞ്ചരിച്ചപ്പോൾ അത് വ്യക്തമായി. എടുത്തുപറയേണ്ടത് മികച്ച റോഡുകളും ശക്തമായ പൊതുഗതാഗത സംവിധാനങ്ങളുമാണ്. ഭൂഗർഭ റെയിൽ പാതകളാണ് നഗരത്തിന്റെ ജീവനാഡി. ലക്ഷക്കണക്കിനാളുകളാണ് ദിവസവും ഇവ ഉപയോഗിക്കുന്നത്. ഓരോ അഞ്ചുമിനിറ്റിലുമെന്നോണം അവ സർവിസ് നടത്തുന്നു. തീർത്തും കാര്യക്ഷമം. അതുകൊണ്ടുതന്നെ കാറുകളുടെയും ബൈക്കുകളുടെയും പെരുപ്പമോ ഗതാഗതക്കുരുക്കോ റോഡിൽ കാണാനില്ല. റോഡുകളെല്ലാം വീതിയും വൃത്തിയുമുള്ളവ.

> **ഒളിമ്പിക്സ് വേദികളിൽനിന്ന് വേദികളിലേക്കുള്ള മൂന്നാഴ്ചയോളം നീണ്ട സഞ്ചാരം വിസ്മയവും വ്യത്യസ്തതയും പകർന്ന കാഴ്ചകളാലും മറക്കാനാവാത്ത അനുഭവങ്ങളാലും സമ്പുഷ്ടമായിരുന്നു. വിഖ്യാതമായ മാറക്കാന സ്റ്റേഡിയത്തിൽ ബ്രസീലും ജർമനിയും തമ്മിലുള്ള ഫുട്ബാൾ ഫൈനൽ മത്സരം കാണാൻപോയത് അതിലൊന്ന്**

റിയോയിലെ മുഖ്യ ബസ്സ്റ്റേഷൻ വിമാനത്താവളം പോലെയുണ്ട്. ഷോപ്പിങ്ങിനും ഭക്ഷണം കഴിക്കാനുമെല്ലാം അതിനകത്തുതന്നെ സൗകര്യമുണ്ട്. ഒളിമ്പിക്സിനുവേണ്ടിയുള്ള മുഖംമിനുക്കലിന്റെ ഭാഗമല്ല ഈ സൗകര്യങ്ങൾ. ഒളിമ്പിക്സിനായി നഗരത്തിന്റെ രണ്ടു മൂലകൾ പുതുതായി വികസിപ്പിച്ചെടുക്കുകയായിരുന്നു. അവിടേക്കായി ഭൂഗർഭ റെയിൽ അൽപം നീട്ടി. പുതിയ അതിവേഗ ബസ് പാത പണിതു.

സമ്പത്തുകൊണ്ട് സാഫല്യം നേടിയവരല്ല ഭൂരിഭാഗമെങ്കിലും ജനം ഉന്മേഷവാന്മാരും ഉല്ലാസപ്രിയരുമാണ്. ബ്രസീലുകാർ തനിച്ച് സഞ്ചരിക്കുന്നത് അപൂർവ കാഴ്ചയായിരുന്നു. ഒന്നുകിൽ ഇണകൾക്കൊപ്പം അല്ലെങ്കിൽ കൂട്ടമായി. ബിയറാണ് മുഖ്യ പാനീയം. ഏതു പെട്ടിക്കടയിലും കിട്ടും. കുട്ടികൾ വരെ പരസ്യമായി ബിയറും കുടിച്ചുനടക്കുന്നു.

ഒളിമ്പിക്സ് വേദികളിൽനിന്ന് വേദികളിലേക്കുള്ള മൂന്നാഴ്ചയോളം നീണ്ട സഞ്ചാരം ഇത്തരം വിസ്മയവും വ്യത്യസ്തതയും പകർന്ന കാഴ്ചകളാലും മറക്കാനാവാത്ത അനുഭവങ്ങളാലും സമ്പുഷ്ടമായിരുന്നു. വിഖ്യാതമായ മാറക്കാന സ്റ്റേഡിയത്തിൽ ബ്രസീലും ജർമനിയും തമ്മിലുള്ള ഫുട്ബാൾ ഫൈനൽ മത്സരം കാണാൻപോയത് അതിലൊന്ന്. ഒരു ജനത കാൽപന്തുകളിയെ എത്രമാത്രം ആഴത്തിലാണ് മനസ്സിൽ പ്രതിഷ്ഠിച്ചതെന്ന് ബോധ്യമായ സായാഹ്നം. ഉച്ചമുതൽ സ്റ്റേഡിയം ലക്ഷ്യമാക്കി നിറഞ്ഞൊഴുകുന്ന ട്രെയിനുകളും ബസുകളും. മുഖത്തും ദേഹത്തും ചായം പുരട്ടിയും അലങ്കാര വേഷം ധരിച്ചും പതിനായിരങ്ങൾ. പെനാൽറ്റി ഷൂട്ടൗട്ട് വരെയായി രണ്ടരമണിക്കൂറോളം നീണ്ട കളിയിൽ ഒരുനിമിഷം പോലും അവർ വെറും കാഴ്ചക്കാരനായി ഇരുന്നിട്ടില്ല. ആർത്തുവിളിച്ചും ആരവം മുഴക്കിയും തിരമാലകൾ തീർത്തും പാട്ടുപാടിയും അവർ സ്റ്റേഡിയം ഉത്സവപ്പറമ്പാക്കി. 60,000ത്തിലേറെ പേർ ഒത്തുകൂടി ആർത്തുവിളിച്ചാൽ ഉണ്ടാകുന്ന പരമാവധി ശബ്ദം എത്രയാണെന്നറിയണമെങ്കിൽ നെയ്മർ ആദ്യ ഗോളടിച്ച നിമിഷം യൂട്യൂബിൽനിന്ന് ഒന്നുകൂടി കണ്ടുനോക്കുക. എതിരാളി ഭീഷണിയുമായി ഗോൾമുഖത്തെത്തുമ്പോഴും നിശ്ശബ്ദതയില്ല. പകരം ഉത്കണ്ഠയുടെ 'ശ്ശ്ശ്' ശബ്ദം ഒറ്റ കണ്ഠനാളത്തിൽനിന്നെന്നപോൽ സ്റ്റേഡിയത്തിൽ കൊടുങ്കാറ്റ് തീർക്കും. ബ്രസീലുകാരെ ഒന്നാക്കുന്നത് ഈ കായികബോധമാണ്. ലോകം മുഴുവൻ ബ്രസീലിനെ അറിയുന്നത് പെലെ മുതലുള്ള താരങ്ങളുടെ പന്തുമായുള്ള നൃത്തച്ചുവടുകളിലൂടെയാണ്.

കായികബോധമേറെയുള്ള ഈ ജനതതന്നെയാണ് ജമൈക്കയിൽനിന്ന് വന്ന ഉസൈൻ ബോൾട്ടിന്റെ ഓട്ടം കാണാൻ വൻതുക മുടക്കി ഗാലറിയിലെത്തിയതും ആർപ്പുവിളിച്ചതും.

ഒരു മനുഷ്യൻ ലോകത്തോളം വളർന്നാൽ ആരാകുമെന്ന് ചോദിച്ചാൽ ഉസൈൻ ബോൾട്ടാകുമെന്ന് പറയാം. ബോൾട്ടിന്റെ ഒളിമ്പിക്സായിരുന്നു ഇത്. ആ ഓട്ടം നേരിൽ കാണുന്നതിന്റെ മഹാ ആനന്ദം അനുഭവിക്കുകതന്നെ വേണം. ഭൂഗർഭ അറയിൽനിന്ന് സ്റ്റേഡിയത്തിലേക്ക് വേഗരാജാവ് കയറിവരുന്നത് മുതൽ ഗാലറിയിലേക്ക് പടരുന്ന വൈദ്യുതി തരംഗം ഓട്ടവും വിജയാഘോഷവും ആനന്ദനൃത്തവുമെല്ലാം കഴിഞ്ഞിട്ടേ അലയടി നിർത്തൂ. സ്റ്റാർട്ടിങ് ബ്ലോക്കിൽ നിലയുറപ്പിച്ച് വെടിപൊട്ടുന്ന ഒരു നിമിഷം സൂചിവീണാൽ കേൾക്കുന്ന നിശ്ശബ്ദതയിലേക്ക് വീണുപോകുന്ന സ്റ്റേഡിയം അടുത്തനിമിഷം താരക്കുതിപ്പിൽ ഇരമ്പിയാർക്കും. ബോൾട്ടിനുമാത്രം സാധിക്കുന്ന മാസ്മരികത. അദ്ദേഹത്തിന്റെ നോട്ടവും ആംഗ്യങ്ങളും കോപ്രായങ്ങളുമെല്ലാം മതിമറന്ന് ആസ്വദിക്കുന്ന ജനം. ബോൾട്ടിന്റെ പ്രകടനം ഏതാനും സെക്കൻഡുകൾ നീളുന്ന ഓട്ടം മാത്രമല്ല. നീണ്ടൊരു ഷോയാണത്.

റിയോയിൽ ഏറ്റവും കൂടുതൽ മെഡൽ നേടിയത് കഴിഞ്ഞ രണ്ടു ഒളിമ്പിക്സിലെയും പോലെ അമേരിക്കൻ നീന്തൽതാരം മൈക്കൽ ഫെൽപ്സായിരുന്നു. അഞ്ചു സ്വർണവും ഒരു വെള്ളിയും. ഫെൽപ്സിനെ കുറച്ചുനേരം നോക്കിനിന്നാൽ വാലും ചിറകുകളുമെല്ലാമുള്ള ഒരു മത്സ്യരൂപം മനസ്സിൽ രൂപപ്പെടും. സമാനതകളില്ലാത്ത ജലജീവിതം ഇതുവരെ നേടിയത് 23 സ്വർണമുൾപ്പെടെ 28 മെഡൽ. 120 വർഷത്തെ ഒളിമ്പിക്സ് ചരിത്രത്തിൽ ഇന്ത്യ ഇതുവരെ നേടിയത് ഒമ്പത് സ്വർണമടക്കം 28 മെഡലുകൾ.

വീണിടത്തുനിന്ന് ഒന്നും സംഭവിക്കാത്തവനെപ്പോലെ ചിരിച്ച് എഴുന്നേറ്റ് ഓട്ടം തുടർന്ന് ലണ്ടനിലെ ഇരട്ടസ്വർണം നിലനിർത്തിയ ബ്രിട്ടന്റെ ദീർഘദൂര ഓട്ടക്കാരൻ മുഹമ്മദ് ഫറ, ജിംനാസ്റ്റിക്സിൽ നാലു സ്വർണം നേടിയ അമേരിക്കയുടെ കറുപ്പൻ താരം സിമോൺ ബൈൽസ് എന്ന 19കാരി... റിയോയിലെ മറക്കാനാകാത്ത പ്രതിഭകൾ.

125 കോടി ജനതക്ക് ആഘോഷിക്കാൻ 11ാം ദിവസം വരെ കാത്തിരിക്കേണ്ടിവന്നു. അന്ന് സാക്ഷി മാലിക് എന്ന ഹരിയാനക്കാരി ഗോദയിൽ കിർഗിസ്താൻകാരിയെ മലർത്തി വീഴ്ത്തുമ്പോഴും ത്രിവർണ പതാക റിയോയിൽ ആദ്യമായി പറന്നപ്പോഴും സാക്ഷിയായത് വല്ലാത്തൊരു നിർവൃതിയോടെയായിരുന്നു. കൊച്ചു രാജ്യങ്ങൾപോലും സ്വർണമടക്കം മാറിലണിഞ്ഞ് വിലസിയപ്പോൾ ഇന്ത്യ ഒളിമ്പിക്സിൽ പങ്കെടുക്കുന്നുണ്ടോ എന്ന സംശയമായിരുന്നു പലർക്കും. രണ്ടുദിവസം കഴിഞ്ഞ് ഹൈദരാബാദുകാരി പി.വി. സിന്ധുവിന്റെ വെള്ളി മെഡൽപോരാട്ടവും മനസ്സിൽ മായാതെ നിൽക്കുന്നു. സ്വർണം കൊതിച്ചുപോയ മത്സരം. എങ്കിലും, ലോക ഒന്നാം നമ്പറിനോട് തോറ്റത് വീരോചിതം. മെഡലുകാരികൾ രണ്ടുപേരും ഒളിമ്പിക്സിലെ അരങ്ങേറ്റക്കാർ. ഇന്ത്യക്ക് ഒരു മേൽവിലാസവുമില്ലാത്ത ജിംനാസ്റ്റിക്സിൽ ത്രിപുരയിൽനിന്നുള്ള ദീപ കർമാകർ നാലാം സ്ഥാനത്തെത്താൻ കാണിച്ച മെയ്വഴക്കം ലോകത്തെ അതിശയിപ്പിച്ചു. പത്തു മെഡൽ പ്രതീക്ഷിച്ചത് രണ്ടിലൊതുങ്ങി. 67ാം സ്ഥാനം. സിംഗപ്പൂരും ഫിജിയുമെല്ലാം ആദ്യ സ്വർണം നേടി മുകളിലുണ്ട്. എങ്കിലും ഒരു സുഹൃത്ത് പറഞ്ഞപോലെ ഇനി ബംഗ്ലാദേശിനെയും ശ്രീലങ്കയെയും പാകിസ്താനെയും നേപ്പാളിനെയുമൊക്കെ നമുക്ക് അഹങ്കാരത്തോടെ നോക്കാം. •



← ഉസൈൻ ബോൾട്ട്



അഭയം



'ശുഭരാത്രി'യിൽ അഭയം തേടിയെത്തിയവർ
ഫോട്ടോ: അഷ്കർ ഒരുമനയൂർ

തെരുവിലുറങ്ങാൻ വിധിക്കപ്പെട്ട സ്ത്രീകൾക്ക് രാത്രിക്കൂടൊരുക്കുന്ന തൃശൂരിലെ 'ശുഭരാത്രി' പദ്ധതിയെക്കുറിച്ച്

# തെരുവുജീവിതങ്ങളുടെ മേൽവിലാസം

**ടി. മനുപ്രസാദ്**

ജൂലൈ 23. തൃശൂർ റൗണ്ട്. രാത്രി 10 മണി. 30 വർഷമായി തെരുവിൽ ഉറങ്ങുന്ന സ്ത്രീയെ രണ്ട് ചെറുപ്പക്കാർ ചേർന്ന് വാഹനത്തിൽ കയറ്റി കൊണ്ടുപോവാൻ ശ്രമിക്കുന്നു. യുവാക്കളെ ആട്ടിപ്പായിക്കാൻ ശ്രമിക്കുന്ന വൃദ്ധയെ പൊലീസെത്തി അനുനയിപ്പിച്ച് വാഹനത്തിൽ കയറ്റി അയച്ചു.

റെയിൽവേ സ്റ്റേഷൻ: ഏഴുമാസം പ്രായമായ കുഞ്ഞിനെ ഉറങ്ങാൻ അനുവദിക്കാതെ ഭിക്ഷയാചിക്കുന്ന സ്ത്രീക്ക് അരികിലേക്കും ഇതേ ചെറുപ്പക്കാർ എത്തുന്നു. വാഹനത്തിൽ കയറാൻ ആവശ്യപ്പെട്ടപ്പോൾ ദേഷ്യപ്പെട്ടും വിതുമ്പിയും സ്ത്രീ ഓടാൻ തുടങ്ങി. പൊലീസിൻെറ സഹായത്തോടെ യുവതിയെയും കുഞ്ഞിനെയും യുവാക്കൾ വാഹനത്തിൽ കയറ്റി. വാഹനം പാഞ്ഞുപോയി.

നമ്മളിൽ പലരും ശുഭരാത്രി നേർന്ന് മേൽക്കൂരയുടെ കനത്തിലേക്ക് മറഞ്ഞ ശേഷമായിരിക്കും നഗരത്തിൽ ഇത്തരം കാഴ്ചകളുണ്ടാകുന്നത്. രാത്രിയാത്രകളിൽ നിയോൺ വെളിച്ചത്തിൽ പലയിടത്തും കാണാം, ഉറങ്ങാൻ ഒരിടം തേടുന്ന നിരവധി സ്ത്രീജന്മങ്ങളെ. എല്ലാവരും ഉറങ്ങിക്കഴിയുമ്പോൾ രാവിനോടുള്ള പേടി ഇരട്ടിയാവുമായിരുന്നു അവർക്ക്. അതിജീവിക്കുന്ന പകലുകളേക്കാൾ പേടിപ്പെടുത്തുന്നതായിരുന്നു അവർക്ക് ഓരോ രാവും. ആ ഭയത്തിനു മുകളിൽ അവർ ചീത്തവിളി കൊണ്ടും കോപം കൊണ്ടും കവചം തീർത്തു. എന്നാൽ, തൃശൂർ നഗരത്തിൽ ഇപ്പോൾ അത്തരത്തിൽ ഒരു കാഴ്ചയുണ്ടാവാറേയില്ല. ജില്ലാ ഭരണകൂടവും ബെത്സദ ചാരിറ്റബ്ൾ സൊസൈറ്റിയും ചേർന്ന് നടത്തുന്ന 'ശുഭരാത്രി' എന്ന പദ്ധതിയാണ് തെരുവിലുറങ്ങുന്നവർക്ക് 'രാത്രിക്കൂട്' ഒരുക്കുന്നത്. തൃശൂർ റൗണ്ടിൽ ബഹളം വെച്ച വൃദ്ധയും റെയിൽവേ സ്റ്റേഷനിൽ ദേഷ്യപ്പെട്ട യുവതിയും ഇപ്പോൾ ബെത്സദയുടെ വാഹനം കാത്തിരിക്കും. ഭയത്തിൻെറയും അനാഥത്വത്തിൻെറയും കരിമ്പടം പുതച്ചുറങ്ങിയവർക്ക് അശുഭരാത്രികൾ മറന്ന് നിറച്ചുണ്ട് സ്വപ്നങ്ങളിലേക്ക് ചായാൻ ഒരു വീടുണ്ട്.

## അണയാൻ ഒരിടമില്ലാത്തവരെ തേടി

തൃശൂർ റൗണ്ടിൽ കോരിച്ചൊരിയുന്ന മഴയിൽ ഫുട്പാത്തിലുറങ്ങുന്ന സ്ത്രീയുടെ ജീവിതക്കാഴ്ചയാണ് ശുഭരാത്രി എന്ന ആശയത്തിനുപിന്നിൽ. രാത്രിയുടെ മറയിൽ തേടിവരുന്ന അസ്വസ്ഥതകളിൽനിന്ന് സുരക്ഷിതത്വത്തിലേക്ക് അണയാൻ ഒരിടമില്ലാത്തവർക്ക് വീടൊരുക്കുകയെന്ന ആശയം സന്നദ്ധസംഘടനയായ ബെത്സദ അന്നത്തെ ജില്ലാ കലക്ടർ ശ്രീകുമാറുമായി പങ്കുവെച്ചു. ഏതാനും മാസങ്ങൾക്കുശേഷം പദ്ധതി പ്രാവർത്തികമാക്കാമെന്ന് കലക്ടർ ബെത്സദ പ്രർത്തകരെ അറിയിച്ചു. സബ് കലക്ടർ ഹരിത വി. കുമാറിന് ചുമതല നൽകിയതോടെയാണ് ശുഭരാത്രി എന്ന സ്വപ്ന പദ്ധതി പിറക്കുന്നത്. തൃശൂർ തോപ്പ് സ്റ്റേഡിയത്തിന് സമീപം കെട്ടിടം വാടകക്കെടുത്തു. കഴിഞ്ഞ ജൂലൈ 23ന് 'ശുഭരാത്രി'ക്ക് മന്ത്രി വി.എസ്. സുനിൽകുമാർ തിരിതെളിച്ചു. കോർപറേഷൻ പരിധിയിൽ തെരുവിൽ കഴിയുന്നവരുടെ കണക്കെടുക്കലായിരുന്നു ആദ്യഘട്ടം. 91 പേരെ കണ്ടെത്തിയതിൽ 33 പേരായിരുന്നു സ്ത്രീകൾ. ശുഭരാത്രിയുടെ മൂന്ന് വാഹനങ്ങൾ വൈകുന്നേരങ്ങളിൽ നഗരത്തിലിറങ്ങും. അലഞ്ഞുതിരിഞ്ഞ് നടക്കുന്ന സ്ത്രീകളെ അത്താഴവും രാത്രിയുറങ്ങാൻ ഇടവും നൽകാമെന്ന് അറിയിക്കും. എന്നാൽ, പലരും ആദ്യം കൂടെവരാൻ തയാറാവില്ലെന്ന് പരിപാടിയുടെ കോഓഡിനേറ്റർ അമൽ ജോൺ പറയുന്നു. ചിലർ ഇരുളിൻെറ മറവിലേക്ക് ഓടി മറയും, ചിലർ കലഹമുണ്ടാക്കും. ഒരു ദിവസത്തെ അപരിചിതത്വം പിന്നിട്ടാൽ പിറ്റേദിവസം ബെത്സദയുടെ വാഹനവും കാത്ത് പാതയോരങ്ങളിൽ അവരുണ്ടാകും. ആദ്യനാളുകളിൽ ഈസ്റ്റ് സ്റ്റേഷനിലെ പൊലീസുകാരായിരുന്നു സഹായത്തിന് കൂടെ വന്നിരുന്നത്. വനിതാപൊലീസിൻെറ സഹായം അത്യാവശ്യമായതോടെ വനിതാസെല്ലിലെ പൊലീസുകാരും ശുഭരാത്രിക്ക് കൂട്ടായി.

## പേടിയില്ലാത്ത രാത്രി

ചെറിയ ജോലി ചെയ്യുന്നവർ, അലഞ്ഞു തിരിയുന്നവർ തുടങ്ങി പലതരത്തിലുള്ളവരാണ് ശുഭരാത്രിയുടെ അതിഥികൾ. കൈക്കുഞ്ഞുമായെത്തുന്ന സ്ത്രീകളുൾപ്പെടെ 20ൽ താഴെ അന്തേവാസികൾ സ്ഥിരമായി എത്തുന്നുണ്ട്. വൈകീട്ട് 6.30 മുതൽ രാത്രി 10 മണിവരെയുള്ള തിരച്ചിലുകളിൽ കണ്ടെത്തിയവർക്ക് കുളിക്കാനും പ്രാഥമിക കൃത്യങ്ങൾ നിറവേറ്റാനും ഇവിടെ സൗകര്യമുണ്ട്. രാത്രി ഭക്ഷണം കഴിച്ച് ഉറങ്ങി രാവിലെ ശുഭരാത്രിയുടെതന്നെ വാഹനത്തിൽ അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ എത്തിക്കും. ഇതാണ് ജൂലൈ 23 മുതൽ ബെത്സദ പ്രവർത്തകരുടെ ദിനചര്യ. ഡോ. ത്രേസ്യ ഡയസ് ആണ് പദ്ധതി ഡയറക്ടർ. അമലിന് പുറമെ മനീഷ്, സുരേഷ് എന്നിവരാണ് ശുഭരാത്രിയുടെ സജീവ പ്രവർത്തകർ.

മുറിവേറ്റും രോഗങ്ങൾ വന്നും വ്രണങ്ങൾ പുഴുവരിച്ചും തെരുവിൽ കഴിഞ്ഞിരുന്നവർക്ക് കരുതലിനാളുണ്ടെന്ന ഉറപ്പ് നൽകുകയാണ് 'ശുഭരാത്രി'. രണ്ട് സ്ത്രീകളാണ് പദ്ധതിയുടെ ദൈനംദിന നടത്തിപ്പുകാർ. ബെത്സദയുടെ വാഹനത്തിൽ എത്തുന്ന രോഗികളും അവശരുമായവർക്ക് ആവശ്യമായ പരിചരണവും പദ്ധതിയുടെ ഭാഗമായി നൽകുന്നുണ്ട്. കുളിപ്പിച്ച് പുതുവസ്ത്രങ്ങൾ അണിയിച്ച് മുറിവുകളിൽ മരുന്നുവെച്ച് പകൽ തെരുവിലേക്ക് ഇറങ്ങുന്നവർക്ക് മടങ്ങിവരാൻ ഒരു വിലാസമാണ് തോപ്പ് സ്റ്റേഡിയത്തിലെ ശുഭരാത്രിയുടെ കൂട്.

തെരുവ് കച്ചവടത്തിനും ഭിക്ഷ യാചിക്കാനുമിറങ്ങുന്നവർ നേരം വെളുക്കുന്നതോടെ അവരവരുടെ ഇടങ്ങളിലേക്ക് മടങ്ങിപ്പോവും. പകൽസമയം കേന്ദ്രം അടച്ചിടുകയാണ് നിലവിൽ ചെയ്യുന്നത്. എന്നാൽ, പകൽ എങ്ങോട്ടാണ് ഇറങ്ങിപ്പോവേണ്ടതെന്ന് അറിയാത്ത പലരുമുണ്ട് 'ശുഭരാത്രി'യുടെ കുടുംബത്തിൽ. അത്തരക്കാർക്ക് സഹായകരമാവുന്ന രീതിയിൽ ചെറുകിട ഉൽപാദന യൂനിറ്റുകളോ കച്ചവടമോ ഒരുക്കി ഇവർക്ക് പുനരധിവാസമൊരുക്കുകയാണ് അടുത്ത ലക്ഷ്യമെന്ന് ബെത്സദ പ്രവർത്തകർ പറയുന്നു. ജ്യൂസ് പാർലറുകൾ തുടങ്ങാനുള്ള പദ്ധതിയും ആലോചനയുണ്ട്. മാനസികമായി ഒറ്റപ്പെടൽ അനുഭവിക്കുന്നവർക്ക് ഇത് ഗുണം ചെയ്യുമെന്ന് ജില്ലാ ഭരണകൂടവും ശരിവെക്കുന്നു.

## അതിഥികൾക്കും ഇടമുണ്ട്

ഒരു രാത്രിയിലേക്കെങ്കിലും അനാഥരായി പോയവരായിരിക്കും നമ്മളിൽ പലരും. തിരക്കുള്ള തെരുവിൽ ആൾക്കൂട്ടത്തിൽ തനിയെ എവിടേക്കെന്ന് അറിയാതെ നിന്നുപോയവർ. ഹോട്ടലുകളിൽ മുറിയെടുക്കാൻ ഭയന്നും പണമില്ലാതെയും നിന്നുപോയിട്ടുണ്ടാവും. എന്നാൽ, തൃശൂർ നഗരത്തിൽ ഇനി ഒറ്റപ്പെട്ടുപോയാൽ പേടിക്കേണ്ടതില്ല. ശുഭരാത്രിയിൽ നിങ്ങൾക്കുമുറങ്ങാം. തൃശൂരിൽ ബസ് കാത്തുനിൽക്കേണ്ട സ്ഥലം മാറി ഇരുട്ടിൽ ഒറ്റക്കായ അമ്മക്കും കൗമാരക്കാരിയായ മകൾക്കും നഗരത്തിൽ പരീക്ഷക്കെത്തിയ എൽ.എൽ.ബി വിദ്യാർഥിക്കും തണലൊരുക്കിയിട്ടുണ്ട് പദ്ധതി. രാത്രി ഉറങ്ങി രാവിലെ ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് പോവാനുള്ള സൗകര്യം 'ശുഭരാത്രി' ഒരുക്കുന്നുണ്ടെന്ന് ബെത്സദ പ്രവർത്തകർ പറയുന്നു. സ്ഥിരം താമസക്കാർക്ക് ഒരുക്കിയ മുറികൾക്ക് മുകൾനിലയിലാണ് 'അതിഥി'കളായി എത്തുന്നവർക്ക് സൗകര്യം ഒരുക്കിയിരിക്കുന്നത്.

ശുഭരാത്രി പദ്ധതി നടപ്പാക്കുന്നതിന് അസിസ്റ്റൻറ് കലക്ടർ ഹരിത വി. കുമാറിൻെറ സഹകരണമാണ് ഏറ്റവും വലിയ തുണ. ഔദ്യോഗിക തിരക്കുകൾക്കിടയിലും ഹരിത പല ദിവസങ്ങളിലും ശുഭരാത്രി പ്രവർത്തകർക്കൊപ്പം തെരുവിലെത്തുകയും കേന്ദ്രം സന്ദർശിച്ച് സൗകര്യങ്ങൾ ഉറപ്പ് വരുത്തുകയും ചെയ്യാറുണ്ടെന്ന് അമൽ പറയുന്നു. സ്ത്രീകളെ കൂടാതെ പുരുഷന്മാർക്കുകൂടി അന്തിയുറങ്ങാനുള്ള സൗകര്യം ഒരുക്കുന്നതിനുള്ള ആലോചനയുണ്ട്. തെരുവിലുറങ്ങുന്ന പുരുഷന്മാർ പലരും തങ്ങൾക്കുകൂടി ഒരിടം വേണമെന്ന അപേക്ഷയുമായി എത്തുന്നുമുണ്ട്. നഗരത്തിലെ വിവിധയിടങ്ങളിൽനിന്നുള്ളവർ കൂടിച്ചേരുന്നതുകൊണ്ട് ശുഭരാത്രിയിലൂടെ ഉറങ്ങാൻ ഇടം മാത്രമല്ല കൂടുമ്പോൾ ഇമ്പമുണ്ടാക്കുന്ന കുടുംബം കൂടിയാണ് ചേർത്തുവെക്കപ്പെടുന്നത്. ●

ജീവിതം


മാടക്കാൽ തൂക്കുപാലം തകർന്നനിലയിൽ

പരിഷ്കൃത ലോകത്ത് ഒരു ദ്വീപിൽ ഒറ്റപ്പെട്ട് ജീവിക്കുന്ന മനുഷ്യരുടെ കഠിനമായ പഥങ്ങളിലൂടെ

# ജലംകൊണ്ട് മുറിവേറ്റവർ

**ദിൽന വികസ്വര**

പേറ്റുനോവ് തുടങ്ങുന്നേന് മുമ്പ് പെണ്ണുങ്ങളെ അക്കരെമ്മത്തെ ബന്ധുവീടുകളിലോ സുഹൃത്തുക്കളുടെ വീട്ടിലോ മാറ്റിനിർത്തും. തോണിയിലും ബോട്ടിലും ആസ്പത്രീയിലെത്തിക്കാൻ എങ്ങനെ കയ്യാനാപ്പാ... ചന്ദ്രിയേടത്തി പറഞ്ഞ തയ്യിൽ കടപ്പുറമെന്ന 24 കി.മീ. നീളമുള്ള ദ്വീപിലെ മൂന്നൂറോളം വരുന്ന ജനതയുടെ ജീവിതമാണിത്. നാലാം ക്ലാസ് കഴിഞ്ഞ് അഞ്ചാം തരത്തിലേക്കെത്തുന്ന ഓരോ പത്തുവയസ്സുകാരനും, പത്തുവയസ്സുകാരിയും ഇതുവഴി ബോട്ട് മാർഗമാണ് സ്കൂളിലെത്തുന്നത്. കാസർകോടിൻെറ തെക്കേ അറ്റത്തുള്ള വലിയപറമ്പ് പഞ്ചായത്തിൻെറ ഭാഗമാണ് ഈ ദ്വീപ്.

സ്കൂളിലേക്കുള്ള മഴക്കാലയാത്രയിൽ പുസ്തകം നനയാതെ അടക്കിപ്പിടിച്ചുകൊണ്ട് ഒരിരിപ്പുണ്ട്. പറയുമ്പോൾ ആറാംക്ലാസുകാരി ആര്യയുടെ കണ്ണുകളിൽ അക്ഷരങ്ങൾ കുതിർന്നുപോകാതെ ചേർത്തുപിടിക്കുമ്പോഴെന്നപോലത്തെ കരുതൽ കാണാമായിരുന്നു. റേഷൻ വാങ്ങാൻ, അവശ്യസാധനങ്ങൾക്ക് ടൗണിലെത്താൻ, തപാൽ ഓഫിസിലെത്താൻ, ആശുപത്രിയിലെത്താൻ... അങ്ങനെയങ്ങനെ ജീവിതത്തിൻെറ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന നൂറുകണക്കിന് സാധാരണക്കാരുണ്ടിവിടെ. ഇത് ജലംകൊണ്ട് മുറിവേറ്റ ഒരു ജനതയാണിത്. തൊണ്ട നനക്കാനൊരുതുള്ളി വെള്ളത്തിനായി പാഞ്ഞുനടക്കുകയാണ് നാടും നഗരവും... അപ്പോഴും വെള്ളം പ്രതിസന്ധിയിലാക്കിയ കഥയാണ് ഈ ദ്വീപിന് പറയാനുള്ളത്. ഏതു ഭാഗത്തും വെള്ളമാണ്. നല്ല അടിയൊഴുക്കുള്ള, മറ്റു പുഴകളെക്കാളും ശുദ്ധജലം നിറഞ്ഞ കൗവ്വായിക്കായലിൻ നടുവിൽ ഒറ്റപ്പെട്ട ജീവിതം ജീവിച്ചുതീർക്കുന്നവർ. റോഡ് എന്ന യാത്രാമാർഗവും വാഹനങ്ങൾ നിരത്തിലൂടെ സഞ്ചരിക്കുകയും റോഡ് മാർഗം എളുപ്പം അക്കരെ എത്തുകയും ചെയ്യുന്നതും ഇവർക്ക് സ്വപ്നം മാത്രമാണ്. തയ്യിൽ നോർത് റോഡെന്ന സ്വപ്നത്തിന് ഏതാണ്ട് അടുത്തുകഴിഞ്ഞെങ്കിലും സൗത് ഇപ്പോഴും അതേ അവസ്ഥയിലാണ്. നിർമാണപ്രവർത്തനങ്ങളുടെ കാര്യത്തിലുള്ള നിയന്ത്രണങ്ങളും പുത്തൻ നിയമങ്ങളും ഏറ്റവും കൂടുതൽ ബാധിച്ചത് ഇക്കൂട്ടരെത്തന്നെയാണ്. നദിയിൽനിന്ന് 50 കി.മീ. മാറി മാത്രമേ നിർമാണപ്രവർത്തനങ്ങൾ നടത്താവൂ എന്ന പുത്തൻ നിയമം ദ്വീപ് വാസികളെയാകെ ഞെട്ടിച്ച വാർത്തയാണ്. കരയും കായലും തമ്മിൽ 30 കി.മീ. ദൂരം മാത്രമാണിവിടെയുള്ളത്. ഒരു വീടുവെക്കാൻ, ചെറിയ കട തുടങ്ങാൻ... അങ്ങനെയങ്ങനെ കുഞ്ഞുസ്വപ്നങ്ങളെ സ്വപ്നങ്ങൾ മാത്രമാക്കാൻ പോന്ന ചില നിയമങ്ങൾ. പ്രതിഷേധങ്ങളും സമരങ്ങളുമായി ജനങ്ങൾ വീണ്ടും നിരത്തിലിറങ്ങുന്നു. എല്ലാ കൊടികളും പാറിക്കളിക്കുന്നുണ്ട് ഈ ചെറിയ ദ്വീപിൽ. വികസനത്തിൻെറ മരവിപ്പിൽനിന്ന് ഇനിയും ഉണർന്നിട്ടില്ല, ഈ ജനത.

2009 നവംബറിലെ ബോട്ടപകടത്തിൽ പൊലിഞ്ഞുപോയ എട്ടു കുഞ്ഞുങ്ങൾ കേരള മനസ്സാക്ഷിയിലുണ്ടാക്കിയ ഞെട്ടലിൻെറയും വേദനയുടെയും ഫലമായി സർക്കാറിൻെറ ദുരിതാശ്വാസ ഫണ്ടിൽനിന്ന്, കടവുകടന്ന് സ്കൂളിൽ പോകുന്ന കുട്ടികളെ സുരക്ഷിതരാക്കാൻ തൂക്കുപാലങ്ങൾ അനുവദിച്ചു. കാസർകോടിന് കിട്ടിയ രണ്ട് തൂക്കുപാലങ്ങളിൽ രണ്ടും വലിയപറമ്പ് പഞ്ചായത്തിന്. 2013ൽ പണിതുടങ്ങി 2013ൽതന്നെ ഉദ്ഘാടനം നടന്ന ഒരു പാലം 56ാം നാൾ പൊളിഞ്ഞുവീണു. മറ്റൊന്ന് പാതി വഴിയിലും. പൊളിഞ്ഞുവീണ പാലം സ്മാരകമായി ഇന്നും കൗവ്വായിക്കു കുറുകേ നിൽക്കുന്നുണ്ട്.

തെരഞ്ഞെടുപ്പടുക്കുമ്പോഴെല്ലാം പ്രചാരണച്ചൂടിന് ഇവിടെയും ഒരു കുറവുമില്ല. വെയിലും മഴയുമേൽക്കാതെ കൊടിവെച്ച കാറുകളിൽ സ്ഥാനാർഥികൾ പലതവണ മണ്ഡലം വലംവെച്ചുപോകും. കാലപ്പഴക്കം ഏറെയുള്ള ഈ ദ്വീപസമൂഹം പലതവണ പ്രതീക്ഷയോടെ കനിവുനോക്കി നിന്നു. മായ്ച്ചുകളയാനാകാത്ത അടയാളമായി അവർ സ്വപ്നംകണ്ട തൂക്കുപാലത്തിൻെറ സിമൻറ് തൂണുകൾ ഇപ്പോഴും കായലിൽ മുത്തമിട്ട് കാലത്തെ സാക്ഷിയാക്കി അവിടെത്തന്നെയുണ്ട്. ●

## കത്തുകൾ




### ലിപിയാശാൻ

പ്രമോദ് ഗംഗാധരൻ എഴുതിയ 'ലിപിയാശാൻ' (ലക്കം 1477) ശ്രദ്ധേയമായി. 'MLkv' എന്ന വാക്കിൽ തളച്ചിട്ട സാധാരണക്കാരൻെറ ജീവിതം ആശ്ചര്യമുളവാക്കുന്നു. അദ്ദേഹത്തിൻെറ കലാവൈഭവത്തിൽ ഉടലെടുത്ത ഫോണ്ടുകൾ ചിലർ മോഷ്ടിക്കുന്നതും കാശാക്കുന്നതും ദുഃഖകരമാണ്.

വി.എം.മജീദ് തൂത, പെരിന്തൽമണ്ണ

### അതിശയകഥ

ഓരോ ഫോണ്ടും നിർമിക്കാൻ ടെക്നീഷ്യന്മാർ മാസങ്ങളെടുക്കുമ്പോൾ അവ മണിക്കൂർകൊണ്ടുതന്നെ നിർമിച്ചെടുക്കുന്ന വീരാൻകുട്ടിയുടെ കഥ അതിശയിപ്പിക്കുന്നതാണ്. അറിയാവുന്ന ജോലിക്ക് ഡിമാൻറില്ലാതായിട്ടും തളരാതെ സ്വപ്രയത്നം കൊണ്ട് കമ്പ്യൂട്ടർ പരിജ്ഞാനം സ്വായത്തമാക്കി ഫോണ്ടുകൾ ജനകീയമാക്കിയ അദ്ദേഹത്തിൻെറ ജീവിതം നമുക്കെല്ലാം പ്രചോദനം നൽകുന്ന ഒന്നാണ്.

മുർഷിദുൽ അമീൻ.എ.കെ, പത്ത് ബി, ജി.എച്ച്.എസ്.എസ്, നരിക്കുനി

### ഉനയിലെ ഉയിർത്തെഴുന്നേൽപ്

പതിറ്റാണ്ടുകളായി സവർണ മേധാവിത്വത്തിൻെറ കീഴിൽ നരകതുല്യമായ അടിമത്ത ജീവിതം നയിച്ച ദലിത് ജീവിതങ്ങളുടെ ഉയിർത്തെഴുന്നേൽപിനാണ് ഉന രാജ്യത്തിൻെറ എഴുപതാം സ്വാതന്ത്ര്യദിനാഘോഷത്തിൽ സാക്ഷ്യം വഹിച്ചത്. ചത്ത പശുവിൻെറ തോലിൻെറ വിലപോലും ദലിതൻെറ ജീവന് കൽപിക്കാത്ത കാട്ടാളത്തിനെതിരായ പോരാട്ടത്തിനുള്ള കാഹളമാണ് അവിടെ മുഴങ്ങിയത്. മാധ്യമങ്ങളിൽ ഇടംപിടിച്ച വാർത്തകൾക്കപ്പുറം ഉനയിലെ പോരാട്ടത്തിൻെറ ആവേശവും രാഷ്ട്രീയമാനവും പ്രകടമാക്കുന്നതായിരുന്നു സഹീദ് റൂമിയുടെ ലേഖനം.

നൗഷാദ് സി, കട്ടുപ്പാറ

### ഉന പറയുന്നത്

സഹീദ് റൂമി എഴുതിയ ഉന യാത്രാക്കുറിപ്പ് രാജ്യത്തെ ദലിതുകളും ന്യൂനപക്ഷങ്ങളും സ്വാതന്ത്ര്യം കിട്ടി ഏഴു പതിറ്റാണ്ട് പിന്നിട്ടിട്ടും മോദിയുടെ ഗുജറാത്തിൽ നരകയാതനയിലാണെന്ന വസ്തുത തുറന്നുകാട്ടുന്നു. പശുമാതാവിൻെറ ജീർണിച്ച ശരീരം മറവുചെയ്യാൻപോലും ആളില്ലാതെ പുഴുവരിക്കുമ്പോൾ ഇവരുടെ മാതൃസ്നേഹം കപടമായിരുന്നെന്ന് മാലോകർ മനസ്സിലാക്കണം.

പി.കെ.സുബൈർ, ചീക്കിലോട്

### കൊന്നാരിൻെറ പോരാട്ടം

വെള്ളപ്പട്ടാളത്തിന് നേരെ കൊന്നാര് തങ്ങളുടെ നേതൃത്വത്തിൽ നടത്തിയ ധീരപോരാട്ടത്തെ സംബന്ധിച്ച ലേഖനം നന്നായി. ലേഖകന് അഭിനന്ദനങ്ങൾ.

അഷ്റഫ് പറമ്പത്ത്, മണിയൂർ

### മലബാർ ചരിത്രമുറങ്ങുന്ന മണ്ണ്

കൊന്നാരിലെ ശേഷിപ്പുകൾ എന്ന മുജീബ് തങ്ങൾ കൊന്നാര് എഴുതിയ ചരിത്രലേഖനം ഏറെ വിജ്ഞാനപ്രദമായിരുന്നു. മലപ്പുറം ജില്ലയിലെ ഉൾനാടൻ ഗ്രാമങ്ങൾപോലും ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ പടപൊരുതിയതിൻെറ ചരിത്രകഥകൾ കേരളജനതക്ക് പുത്തനറിവുമാണ്.

മുജിബ് റഹ്മാൻ.ടി.കെ, ഒമാനൂർ

### പുസ്തലോകം

കരുണാകരൻ എഴുതിയ പുസ്തകപ്പുഴു എന്ന ലേഖനം ശ്രദ്ധേയമായി. വായന മുരടിച്ചു പോകുന്ന കാലഘട്ടത്തിൽ ജീവിക്കുമ്പോൾ പ്രത്യേകിച്ചും.

മുജീബ്, പരപ്പനങ്ങാടി

### പുസ്തകപ്പുഴു

കരുണാകരൻെറ പുസ്തകാനുഭവങ്ങൾ ഹൃദ്യമായി. പുസ്തകങ്ങളെ ഉറ്റ കൂട്ടുകാരെപ്പോലെ സ്നേഹിച്ച ഒട്ടേറെ വ്യക്തികളുണ്ടായിട്ടുണ്ട്. ആലിസൺ ഹുവർ സാർട് ലൈറ്റ്, സാഹിബ് ഇബ്നു ഉബാദിൽ എന്നിവർ ഉദാഹരണം. ഇത്തരം അനുഭവങ്ങൾ പുസ്തകവും മനുഷ്യനും തമ്മിൽ നിലനിൽക്കുന്ന ആത്മീയബന്ധങ്ങളുടെ കഥയാണ്.

പൂനൂർ ഇബ്രാഹിംകുട്ടി, ഓമശ്ശേരി

### ശാന്തിതീരം

റഷീദ ടി.കെ എഴുതിയ ശാന്തിതീരം എന്ന കഥവായിച്ച് കണ്ണു നിറഞ്ഞുപോയി. നിരപരാധികളും നിസ്സഹായരുമായ അഭയാർഥികൾ ലോകരാഷ്ട്രങ്ങളിൽ തുരുത്ത് തേടി അലഞ്ഞുകൊണ്ടിരിക്കുന്ന കാഴ്ചയാണെങ്ങും. സ്വപ്നങ്ങളുടെ നിറക്കൂട്ടുകൾ ചാലിച്ചെടുത്ത ഒരു നല്ലനാൾ എന്നാണാവോ പുലരുക.

ദാവൂദ്, പാനൂർ

### അശാന്തിയുടെ തീരം

റഷീദ കെ.ടിയുടെ ശാന്തിതീരം എന്ന കഥ നന്നായി. അശാന്തിയുടെ വറുതിയിൽനിന്നും ഏതു വിധേയനേയും രക്ഷപ്പെടാൻ ശ്രമിക്കുന്ന നിസ്സഹായരായ മനുഷ്യർ. യുദ്ധവെറിയന്മാർ തകർത്തെറിഞ്ഞ ജന്മഭൂമിയിൽ ആക്രമിക്കപ്പെടുന്ന ബാല്യങ്ങൾ. ഐലാൻ കുർദിയുടെ പരിച്ഛേദമായ ഹസനും ആമിനയും. യുദ്ധാനന്തര കാഴ്ചകൾ തന്മയത്വമായി അതിഭാവുകത്വമില്ലാതെ കഥാകാരി വരച്ചുകാട്ടുന്നു. പ്രമോദ് ഗംഗാധരൻെറ ലിപിയാശാൻ എന്ന ലേഖനവും നന്നായി.

ഷംസുദ്ദീൻ, ചാരുംമൂട്

### പുതിയ തലമുറക്ക് പാഠമാകട്ടെ

വൈദ്യശാസ്ത്രത്തിൽതന്നെ കുരുന്നുകളെ ഇല്ലാതാക്കാൻ മാതാപിതാക്കളെ പ്രേരിപ്പിക്കുന്ന നിരവധി സംവിധാനങ്ങളുള്ള ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. അതിന് അടിവരയിട്ടുകൊണ്ടുള്ളതായി ലക്കം 1476 ലെ 'കള്ളിപ്പാൽ കൊന്ന പൈതങ്ങൾ' എന്ന ലേഖനം. ഈ ലേഖനം പുതുതലമുറക്ക് ഒരു പാഠമാകണം. 'കള്ളിപ്പാൽ ഊത്തൽ' പോലുള്ള ദുരാചാരങ്ങൾ ഇന്നും ഇന്ത്യൻ ഗ്രാമങ്ങളിൽ നിലനിൽക്കുന്നുവെന്നത് ഞെട്ടിക്കുന്നു.

സുദർശൻ, കൈനകരി

### പടപ്പാട്ടുകൾ

ഇന്ത്യൻ സ്വാതന്ത്ര്യത്തിന് വേണ്ടി ബ്രിട്ടീഷുകാരുടെ കപ്പലിലേക്ക് പടപൊരുതാൻ പോകുന്നതിന് ഉമ്മയോട് സമ്മതം ചോദിക്കുകയും സമ്മതം കിട്ടാതെ കപ്പലിൽ പോയി വീരമൃത്യു വരിക്കുകയും ചെയ്ത ധീരയോദ്ധാവ് വെളിയങ്കോട്ട് മാനാത്ത് വീട്ടിൽ കുഞ്ഞിമരക്കാറിൻെറ കഥ നമ്മുടെ ചരിത്രത്താളുകളിൽ ഇല്ല എന്ന സത്യം ഫൈസൽ എളേറ്റിലിൻെറ 'സ്വാതന്ത്ര്യത്തിൻെറ പടപ്പാട്ടുകൾ' എന്നതിലൂടെ അറിഞ്ഞു. ലേഖകന് അഭിനന്ദനങ്ങൾ.

കെ.പി. ഉസ്സയിൻ, ഇയ്യാട്

### അനൂപ് കലാലയ കഥാപുരസ്കാരം 2016

പ്രശസ്ത കഥാകൃത്തും പത്രപ്രവർത്തകനുമായിരുന്ന കെ.വി. അനൂപിൻെറ സ്മരണാർഥം കെ.വി. അനൂപ് സൗഹൃദവേദിയും പട്ടാമ്പി ഗവ. സംസ്കൃത കോളേജ് മലയാള വിഭാഗവും സംയുക്തമായി മലയാളനാട് വെബ് ജേണലിൻെറ സഹകരണത്തോടെ മികച്ച കലാലയ കഥകൾക്ക് നൽകിവരുന്ന അനൂപ് കലാലയ കഥാ പുരസ്കാരത്തിന് കഥകൾ ക്ഷണിക്കുന്നു. റഗുലർ/ പാരലൽ/ പ്രഫഷനൽ കോളജുകളിലോ യൂനിവേഴ്സിറ്റികളിലോ ഡിഗ്രി. പി.ജി. തല കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർഥികളുടെ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത ചെറുകഥകളാണ് പുരസ്കാരത്തിന് പരിഗണിക്കുക. കഥകൾ താഴെപറയുന്ന വിലാസത്തിലോ ഇ-മെയിലായോ അയക്കാം. വിലാസവും ഫോൺ നമ്പറും സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രവും കൂടെ അയക്കേണ്ടതാണ്. കഥകൾ ലഭിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 15.

കഥകൾ അയക്കേണ്ട വിലാസം: അധ്യക്ഷൻ, മലയാളവിഭാഗം, എസ്.എജി.എസ് കോളജ്, പട്ടാമ്പി മേലേപട്ടാമ്പി പി.ഒ, പാലക്കാട്, 679306. ഇ-മെയിൽ: sngsmalayalam@gmail.com.ഫോൺ: 9496363208, 9037852621

### വാട്സ്ആപ് വഴി ഇനി രചനകളും കത്തുകളും അയക്കാം

വാരാദ്യമാധ്യമത്തിലേക്കുള്ള രചനകളും കത്തുകളും ഇനി വാട്സ്ആപ് വഴി മലയാളത്തിൽ ടൈപ് ചെയ്ത് അയക്കാം.
whatsapp: 9645006105, email: varadyam@madhyamam.in
തപാൽ വിലാസം: പത്രാധിപർ, വാരാദ്യമാധ്യമം. വെള്ളിമാടുകുന്ന്. പി.ഒ. കോഴിക്കോട്-12

കവിത

# അധികമൊട്ടേണ്ട

സുധീഷ് കോട്ടേമ്പ്രം

അധികമൊട്ടേണ്ട
പ്രേമത്തരിപ്പിൽ നീ പണിയും
പുതുമാളികയിലല്ലെൻ പൊറുതി.
ഇടമില്ലെനിക്കവയിൽ
നീ നീട്ടും നിറങ്ങളവയുടെ ചന്തം
പാട്ടുകളിന്ദ്രിയലഹരികൾ
പോറ്റിവളർത്തും സ്വപ്നക്കമ്പനി
വിരൽ തൊട്ടാലുയരും
പരവതാനിപ്പറക്കൽ.

ആർത്തികൾ തീരുമതിർത്തികളുയരും
ചുരുങ്ങുമുടലുകൾ
ആമത്തലപോൽ വലിയുമോർമകൾ
ഏന്തിയാലെത്തില്ല
എത്രയടുക്കിലും
വലുതാം വിടവുകൾ.

അധികമൊട്ടേണ്ട
ആഞ്ഞുമണത്താലെന്നെ മണക്കും
ചേറുകണ്ടം
മീൻവാട
ചാണകപ്പുര
തെങ്ങിൻ ചൂര്
വിട്ടുപോവില്ല വിണ്ടലുകൾ
കാലിൽ ചുറഞ്ഞ കാലം.
മുഷിഞ്ഞതല്ല
നിറം കെട്ടൊരുടുപ്പിൻെറയല്ല
തൊലിയാഴത്തിൽ പച്ചകുത്തിയ
ചളിപ്പാടങ്ങളതിൻ മണം
ഊദുമത്തറുമെന്നപോൽ.

അധികമൊട്ടേണ്ട
പുറത്തുചാടാം
ഞരമ്പിൻെറ കെട്ടുവള്ളികളറുത്ത്
തിന്ന കാട്ടുമൃഗത്തിൻെറയമറൽ
മരങ്ങളുമ്മവെച്ചതാം തീത്തഴമ്പുകൾ
ആഴക്കരച്ചിൽ
അടുപ്പിലെച്ചേര
ഇണകളില്ലാതെയിണക്കം നടിച്ച
അച്ഛൻെറ മൂരികൾ.

എളുപ്പമല്ല ചേരാൻ
നമ്മുടെയടയാള ചിഹ്നങ്ങൾ
എൻെറ തുറ വേറെ
തൊലിനിറം വേറെ
പെറ്റ കാലവും തിന്ന കലവും വേറെ
വേറെ.
അധികമൊട്ടേണ്ട;
ആഞ്ഞുമണത്താൽ
നിന്നെ മണക്കില്ലൊരിക്കലും
എന്നെ.



ചിത്രീകരണം: സുധീഷ് കോട്ടേമ്പ്രം

വായന

# നിരപരാധികളുടെ രക്തം കൊണ്ടെഴുതിയ പുസ്തകം



**കാഫ്കനാട്**
**മുൻവിധി, നിയമം, പ്രതിഭീകരത**
**മനീഷ സേഥി**
**മൊഴിമാറ്റം: ആർ.കെ. ബിജുരാജ്**
**പ്രതീക്ഷ ബുക്സ്**

പി.എ. നാസിമുദ്ദീൻ

അനശ്വര എഴുത്തുകാരനായ ഫ്രാൻസ് കാഫ്കയുടെ ട്രയൽ എന്ന നോവലിലെ നായകനായ 'കെ' എന്ന കഥാപാത്രം ഒരപരാധവും ചെയ്യാതെ ശിക്ഷിക്കപ്പെടുന്ന മനുഷ്യനാണ്. അയാൾ ചെയ്ത കുറ്റമെന്തെന്നോ, എന്തിൻെറ പേരിൽ നീതിപീഠത്തിൻെറ മുന്നിൽ ഹാജരാക്കിയെന്നോ അയാൾക്കറിയില്ല. അന്വേഷണ ഉദ്യോഗസ്ഥരും ന്യായാധിപന്മാരും കൂടിച്ചേർന്ന് അയാളെ പീഡനങ്ങൾക്ക് ഇരയാക്കുന്നതാണ് നോവലിൻെറ പ്രമേയം. ഒരു ജനാധിപത്യ റിപബ്ലിക് എന്ന് നാം അഭിമാനിക്കുന്ന ഇന്ത്യയും സമാനമായ അവസ്ഥയിലൂടെയാണ് കടന്നുപോകുന്നതെന്ന് കൃത്യമായ തെളിവുകളുടെയും ശാസ്ത്രീയ വിവരശേഖരണങ്ങളിലൂടെയും വെളിവാക്കി, മനുഷ്യാവകാശ പ്രവർത്തകയും ആക്റ്റിവിസ്റ്റുമായ മനീഷാ സേഥി 2014ൽ പുറത്തിറക്കിയ പുസ്തകമാണ് 'Kafkaland Prejudice terror, anti terror.

ഭരണഘടന, ജുഡീഷറി, മനുഷ്യാവകാശ കമീഷൻ, വിവരാവകാശ നിയമം എന്നിങ്ങനെ ജനാധിപത്യത്തിൻെറയും നീതിയുടെയും ഉത്തുംഗപദത്തിലാണ് നമ്മുടെ റിപബ്ലിക് നിലകൊള്ളുന്നതെന്ന് വിശ്വസിക്കുമ്പോൾത്തന്നെ, ഭരണഘടന വാഗ്ദാനം ചെയ്യുന്ന പൗരാവകാശങ്ങളിൽ ഊന്നി, നാട്ടിൽ അരങ്ങേറുന്ന ഏറ്റുമുട്ടൽ കൊലപാതകങ്ങളിലേക്കും ഭീകരാക്രമണങ്ങളിലേക്കും ചൂഴ്ന്നുചെന്ന് അവയെ സൂക്ഷ്മാന്വേഷണങ്ങൾക്ക് വിധേയമാക്കിയാൽ പെട്ടെന്ന് രാജ്യദ്രോഹിയും അപകടകാരിയുമായി മുദ്രകുത്തപ്പെടുന്ന സമകാലീന ഇന്ത്യൻ അവസ്ഥ സേഥി ഈ പുസ്തകത്തിൽ വരച്ചിടുന്നു.

2001 മുതൽ 2011 വരെ ഇന്ത്യയിൽ സ്ഫോടന പരമ്പരകളുടെയും തൊണ്ണൂറുകളുടെ മധ്യത്തിൽ പഞ്ചാബിൽ നടന്ന സിഖ് ഭീകര ഏറ്റുമുട്ടൽ കൊലപാതകങ്ങളുടെയും ആന്ധ്രപ്രദേശിലെ തീവ്രവാദികൾക്കുനേരെ നടന്ന നിയന്ത്രിത കൊലപാതകങ്ങളുടെയും അണിയറ രഹസ്യങ്ങൾ ഇതിൽ ചുരുളഴിയുന്നു. ആഭ്യന്തര വകുപ്പും ഇൻറലിജൻസ് ബ്യൂറോയും പുറത്തിറക്കുന്ന പ്രസ് റിലീസുകൾക്ക് പകരം, എഫ്.ഐ.ആർ, പൊലീസ് ഡോക്യുമെൻറുകൾ, സാക്ഷിമൊഴികൾ, കോടതിയുത്തരവുകൾ എന്നിവ സൂക്ഷ്മമായി പരിശോധിച്ച് അവയിലെ വൈരുധ്യങ്ങൾ ഈ കൃതി പുറത്തേക്കെടുക്കുന്നു.

മൂന്ന് ഭാഗങ്ങളിലായി പതിനൊന്ന് ലേഖനങ്ങളടങ്ങിയ ഈ പുസ്തകത്തിൻെറ ആദ്യഭാഗം ഇന്ത്യയിൽ 2005 മുതൽ അരങ്ങേറിയ സ്ഫോടന പരമ്പരകളിൽ കൃത്യമായ സമൻസുകളോ വാറൻറുകളോ ഇല്ലാതെ വീടുകളിൽനിന്നോ വിദ്യാലയങ്ങളിൽനിന്നോ കസ്റ്റഡിയിലെടുത്ത് ഇന്ത്യക്കെതിരെ യുദ്ധം ചെയ്തു എന്ന കുറ്റത്തിന് തടവിലാക്കപ്പെടുകയും ക്രൂരമായ പീഡനങ്ങൾക്ക് വിധേയമാവുകയും ചെയ്ത മുസ്‌ലിം യുവാക്കളുടെ കദനകഥകളാണ്. പോളിഗ്രാഫ്, നാർക്കോ അനാലിസിസ്, ബ്രെയിൻ മാപ്പിങ് മുതലായ ആധുനിക ടെസ്റ്റുകളും പീഡനത്തിനു ശേഷമുള്ള കുറ്റസമ്മതമൊഴികളും വിദേശ ഫോൺ വിളികളുമാണ് ഇവരെ പ്രതികളാക്കാൻ ഉപയോഗിക്കാറ്. എന്നാൽ, ഡോ. നാർക്കോ എന്ന പേരിലറിയപ്പെടുന്ന ബംഗളൂരു ഫോറൻസിക് ഇൻസ്റ്റിറ്റ്യൂട്ടിൻെറ ഡയറക്ടർ മലയാളിയായ ഡോ. മാലതി എങ്ങനെ കേസുകളിൽ കൃത്രിമത്വം നടത്തിയെന്നും മനീഷ സേഥി കണിശമായ അപഗ്രഥനപാടവത്തോടെ വിവരിക്കുന്നു. പിന്നീട് വന്ന ചില കേസുകളിൽ സുപ്രീംകോടതി ഇവരെ അയോഗ്യയാക്കുകയാണ് ഉണ്ടായത്.

ഗുലാം യസ്നാദി, മുഹമ്മദ് സർവർ, ഖാലിദ് മുജാഹിദ്, ഹക്കീം താരിഖ് തുടങ്ങി താഴേതട്ടിൽനിന്ന് ഉയർന്നു വന്ന് ഉപരിവിദ്യാഭ്യാസം നേടിയെടുത്ത യുവാക്കളും പാവപ്പെട്ട മദ്റസ അധ്യാപകരുമൊക്കെ ഇന്ത്യൻ മുജാഹിദീൻ എന്ന പേരിൽ അന്വേഷണ ഉദ്യോഗസ്ഥർ മെനഞ്ഞെടുത്ത അമൂർത്ത നിർമിതികളിലേക്ക് എങ്ങനെ വലിച്ചിഴക്കപ്പെട്ടുവെന്നും, പിന്നീട് പൗരാവകാശ പ്രവർത്തകരുടെ നിരന്തര ശ്രമങ്ങൾക്കുശേഷം ജുഡീഷ്യൽ അന്വേഷണവും സി.ബി.ഐ യുമൊക്കെ അവരിൽ ചിലരെ എങ്ങനെ കുറ്റവിമുക്തരാക്കിയെന്നുമുള്ള മനുഷ്യമനസ്സാക്ഷിയെ നടുക്കുന്ന വസ്തുതകളും വിവരിക്കപ്പെടുന്നു.

2008ൽ ഡൽഹിയിലെ ഭട്‌ല ഹൗസിൽ നടന്ന ഏറ്റുമുട്ടൽ കൊലപാതകങ്ങളെ തുടർന്നാണ് സത്യാവസ്ഥ മനസ്സിലാക്കാൻ പൗരന്മാർക്ക് അവകാശമുണ്ട് എന്ന നീതിവാക്യം മുഴക്കി മനീഷ സേഥി എന്ന ജാമിഅ മില്ലിയയിലെ സോഷ്യോളജി അധ്യാപിക മുന്നോട്ടുവന്നത്. സേഥിയുടെ തുടർന്നുള്ള നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾക്കും കൃത്യമായ അന്വേഷണങ്ങളിലൂടെ അവർ എത്തിച്ചേർന്ന ഹൃദയം നടുക്കുന്ന കണ്ടെത്തലുകൾക്കും പ്രവചനാത്മകതയുണ്ടായിരുന്നു എന്ന് പിന്നീട് കുറച്ചു വർഷങ്ങൾക്കുശേഷം നടന്ന മലേഗാവ്, മക്കാമസ്ജിദ് സ്ഫോടനങ്ങളുടെ അന്വേഷണവും തീവ്രഹിന്ദുത്വ സംഘടനകൾക്ക് അവയിലുള്ള പങ്കും തെളിയിച്ചു. കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി ഭീകരത എന്ന വാക്ക് ഇന്ത്യൻ പൗരന്മാരിൽ കുത്തിവെച്ച് അവരിൽ അജ്ഞാതമായ ഭീതി ജനിപ്പിച്ച് ജനവികാരം മുതലെടുക്കാനും ഇവിടുത്തെ അധീശ-സവർണ അധികാരികൾക്ക് കഴിഞ്ഞിരിക്കുന്നു. സേഥി പുസ്തകത്തിൽ ഒരിടത്ത് പറയുംപോലെ നമ്മുടെ ക്രിമിനൽ സംവിധാനം ഇങ്ങനെയാണ് പ്രവർത്തിക്കുന്നത്. 'പീഡിപ്പിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥർ, വഴങ്ങുന്ന ഡോക്ടർമാർ, സത്യസന്ധതയില്ലാത്ത ഫോറൻസിക് ശാസ്ത്രജ്ഞർ, പീഡനത്തിൻെറ തെളിവുകൾ അവഗണിക്കുന്ന നീതിപീഠം, ദുർബലമായ തോളുകളിൽ ദേശീയ സുരക്ഷയുടെ ഭാരം താങ്ങുന്ന മാധ്യമങ്ങൾ' (പേജ് 34).

ഇശ്റത് ജഹാൻ, സൊഹ്റാബുദ്ദീൻ ഏറ്റുമുട്ടൽ കൊലപാതകങ്ങളുടെ വ്യാജോക്തികളും ഇന്ത്യൻ മുജാഹിദീൻ, സിമി, ഹുജി, പാകിസ്താൻ കെട്ടിച്ചമക്കലുകളും വർഗീയ പ്രത്യയശാസ്ത്രത്താൽ നയിക്കപ്പെടുന്ന രാഷ്ട്രീയ നേതാക്കൾക്ക് പിന്നീട് എങ്ങനെ ഭരണപഥങ്ങളിലേക്കുള്ള ചവിട്ടുപടികളായി മാറി എന്നതും നാം മറന്നുകൂടാ. ഇന്ത്യൻ സാമൂഹിക ജീവിതം വംശീയ, വർഗീയ ചിന്തകൾകൊണ്ട് കലുഷിതമായ ഈ കാലത്ത് ഈ പുസ്തകത്തിൻെറ അനുബന്ധമായി കൊടുത്തിരിക്കുന്ന, അൽബദർ എന്ന ഭീകര സംഘടനയുടെ പ്രവർത്തകനാണെന്ന് ആരോപിച്ച് ഡൽഹി പൊലീസിൻെറ സ്പെഷൽ വിഭാഗം 2006ൽ അറസ്റ്റ് ചെയ്ത ഇർഷാദ് അലി തിഹാർ ജയിലിൽനിന്ന് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന മൻമോഹൻ സിങ്ങിന് അയച്ച എഴുത്തിൻെറ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നത് ഉചിതമായിരിക്കും എന്ന് കരുതുന്നു. •

*ഇന്ത്യൻ പ്രധാനമന്ത്രി*
*സൗത് ബ്ലോക്*
*പ്രിയ സർ,*


*ഞാനാദ്യം സ്വയം പരിചയപ്പെടുത്താം. എൻെറ പേര് ഇർഷാദ് അലി. മുഹമ്മദ് യൂനുസിൻെറ മകനാണ്. ഡൽഹിയിലെ തിഹാർ ജയിൽ വാർഡ് നമ്പർ അഞ്ചിൽ (അതീവ അപകട വാർഡ്) എട്ടാം സെൽ നമ്പർ 12ൽ തടവിൽ കഴിയുന്നു. ഞാൻ ഡൽഹി പൊലീസിൻെറ പ്രത്യേക സെല്ലുമായി ബന്ധപ്പെട്ട് ഒരു ചാരനായി പ്രവർത്തിക്കുകയായിരുന്നു. ഡൽഹി പ്രത്യേക സെൽ തീവ്രവാദികളെ പിടികൂടാൻ ഇൻറലിജൻസ് ബ്യൂറോയുമായി അടുത്തു പ്രവർത്തിക്കുന്ന ഒന്നാണ്. തങ്ങളുടെ പദവികൾ നിലനിർത്താനും പുരസ്കാരങ്ങൾ നേടാനും ഇവർ ഭീകരരെ സൃഷ്ടിക്കും. ഈ ഏജൻസികൾ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് പറയാം.*

*അവർ ആകെ ചെയ്യുന്നത് സർക്കാറിനും മാധ്യമങ്ങൾക്കും കെട്ടിച്ചമച്ച കഥകൾ നൽകുക എന്നതാണ്. തങ്ങളുടെ അവകാശവാദങ്ങളെ പിന്തുണക്കാനായി അവർ ചെയ്യുന്നത് ഇതാണ്: മൗലവി രൂപത്തിലുള്ള നീണ്ടതാടിയും ഇസ്‌ലാമിക പ്രബോധനങ്ങളിൽ നല്ല അറിവും ഉള്ള ആൾ ഏതെങ്കിലും മുസ്‌ലിം മേഖലയിൽ എത്തുന്നു. ഒന്നുകിൽ ഒരു മുസ്‌ലിം പള്ളി താമസസ്ഥലമായി തെരഞ്ഞെടുക്കും. വിശുദ്ധ സ്വഭാവം, അഞ്ചുതവണത്തെ പ്രാർഥന എന്നിവ വഴി അദ്ദേഹം പെട്ടെന്നുതന്നെ സഹതാപവും ശ്രദ്ധയും നേടുന്നു. പ്രത്യേകിച്ച് വിദ്യാസമ്പന്നരായ യുവാക്കളുമായി സൗഹൃദം സ്ഥാപിക്കുന്നു. സാവധാനം തൻെറ ലക്ഷ്യത്തിന് അനുപൂരകമായവരെ കണ്ടെത്തുന്നു. അവരെ ഇന്ത്യാവിരുദ്ധ, സർക്കാർവിരുദ്ധ പ്രസംഗങ്ങളിൽ ഊന്നി ആവേശം കൊള്ളിക്കും. ഒരു ദിവസം സംഘത്തോട് താൻ ലശ്കറെ ത്വയ്യിബയോ മറ്റേതെങ്കിലും സംഘടനയുടെയോ കമാൻഡറാണ് എന്നദ്ദേഹം പറയും. ചെറു ആയുധങ്ങൾ അവർക്ക് വിതരണം ചെയ്യുകയും പരിശീലനം നൽകുകയും ചെയ്യും. ഇതിനിടയിൽ അയാൾ ഐ.ബിയിലെ വേട്ടനായ്ക്കളുമായി ബന്ധം പുലർത്തുകയും ഓരോ നിമിഷത്തെയും സംഭവവികാസങ്ങൾ അപ്പപ്പോൾ അറിയിക്കുകയും ചെയ്യും.*

*അവസാനം, കമാൻഡർ ഒരു സായുധ നടപടിക്കായി ആഹ്വാനം നൽകും. അതിനുവേണ്ടി ഒരു റിഹേഴ്സലും നടത്തും. ഇതിനിടയിൽ ഐ.ബി വിവരങ്ങൾ പ്രത്യേക സെല്ലിനെ അറിയിക്കും. അവർ ലക്ഷ്യസ്ഥാനത്ത് കെണിയൊരുക്കും. ഈ യുവാക്കൾ പഴുത്ത പഴങ്ങൾ പോലെ പൊലീസ് വലയിൽ വീഴും. പൊലീസ്, കമാൻഡറെ പിടികൂടാൻ തിരച്ചിൽ നടത്തുമ്പോൾ അയാൾ ഐ.ബിക്കൊപ്പം പോയിട്ടുണ്ടാവും. ഒരു ചുരുങ്ങിയ റിപ്പോർട്ട് എത്തും, 'നിരവധി ഭീകരർ പിടിയിലായെങ്കിലും ഒരാൾ പൊലീസിന് പിടികൊടുക്കാതെ രക്ഷപ്പെട്ടു' (പേജ് 175,176).*




പുസ്തകം



### ഷെൽവിയുടെ കവിതകൾ

**ഷെൽവി**
**പേജ്:152, വില: 150**
**മാതൃഭൂമി ബുക്സ്**

മലയാള പ്രസാധനരംഗത്ത് അദ്ഭുതങ്ങൾ സൃഷ്ടിച്ച് മാഞ്ഞുപോയ ഷെൽവിയുടെ സമ്പൂർണ കവിതകളുടെ സമാഹാരം. പ്രണയത്തെക്കുറിച്ചും ഏകാന്തതയെക്കുറിച്ചും തൻെറ നിഴൽ ചൂഴ്ന്ന തമസ്സിൻെറ അഗാധമായ താഴ്‌വരയെക്കുറിച്ചുമാണ് ഷെൽവി എഴുതിയതെന്ന് സച്ചിദാനന്ദൻ.



### മെയ്ൻ കാംഫ്

**അഡോൾഫ് ഹിറ്റ്ലർ**
**വിവ: ഡോ. ടി.എസ്.ഗിരീഷ് കുമാർ**
**പേജ്: 720 വില: 595.00**
**ഡി.സി.ബുക്സ്**

മാനവ ചരിത്രത്തിലെ ഏറ്റവും കുപ്രസിദ്ധനായ ഭരണാധികാരിയായ ഹിറ്റ്ലറുടെ ആത്മകഥ. കലയെയും മാനവികതയെയും സ്നേഹിച്ചിരുന്ന ചെറുപ്പക്കാരനിൽനിന്നും ലോകഗതിയെതന്നെ മാറ്റിമറിച്ച സ്വേച്ഛാധിപതിയായി വളർന്ന ഹിറ്റ്ലറിൻെറ പരിണാമത്തിൻെറ ഓരോ ഘട്ടങ്ങളും വിശദമാക്കുന്നു.



### പ്രവാസി എൻെറ പേര്

**സുറാബ്**
**പേജ്:87 വില: 90.00**
**ഗ്രീൻ ബുക്സ്**

പ്രവാസജീവിതത്തിൻെറ സംഭ്രാന്തികൾ, പൊരുളുകൾ, പൊരുളില്ലായ്മകൾ എന്നിവ കവിതകളായി വിരിയുന്നു. ആത്മാന്വേഷണത്തിൻെറ അനിശ്ചിതത്വം പേറുന്ന കവിഹൃദയത്തിൻെറ മുറിവുകളും വേദനകളുമാണ് ഇതിൽ നിറയുന്നത്.



### കണ്ണൻ നമ്പ്യാർ ഡൽഹിയിൽ

**എം. മുകുന്ദൻ**
**പേജ്: 50 വില: 45.00**
**ഹരിതം ബുക്സ്**


എം. മുകുന്ദൻെറ ശ്രദ്ധേയമായ നോവലിൻെറ രണ്ടാം പതിപ്പ്. കേവല പാരായണസുഖം ആഗ്രഹിക്കുന്ന ലളിത വായനക്കാർ മുതൽ അങ്ങേയറ്റത്തെ ധിഷണാവ്യാപാരമായി വായനയെ സമീപിക്കുന്ന അനുവാചകനുവരെ ഹൃദ്യമാകുന്ന അവതരണം.



### സിനിമ: അതിമാധ്യമത്തിൻെറ ദൃശ്യലാവണ്യം

**എ. ചന്ദ്രശേഖർ**
**പേജ്: 129 വില: 120.00**
**ഡോൺ ബുക്സ്**


അതിമാധ്യമത്തിൻെറ ലാവണ്യശാസ്ത്രത്തെ മലയാള സിനിമാ പരിസരങ്ങളിൽനിന്നുകൊണ്ട് വസ്തുനിഷ്ഠമായി വിശകലനം ചെയ്യുന്ന പുസ്തകം. സിനിമയുടെ സൗന്ദര്യശാസ്ത്രത്തെയും സിനിമയിലെ സൗന്ദര്യസങ്കൽപങ്ങളെയും പരിശോധിക്കുന്നു.



### പാലും പഴവും (നോവൽ)

**ടി.എൻ. ഗോപകുമാർ**
**പേജ്: 112, വില: 100.00**
**മാതൃഭൂമി ബുക്സ്**

മാധ്യമം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച നോവലിൻെറ മനോഹരമായ പുസ്തകരൂപം. അഗ്രഹാരത്തിൻെറയും ഒരു ഗ്രാമത്തിൻെറയും പശ്ചാത്തലത്തിൽ മനോഹരമായ സ്നേഹബന്ധങ്ങളുടെ കഥപറയുന്നു. കബിത മുഖോപാധ്യായയുടെ ചിത്രങ്ങൾ.



### പല രാമായണങ്ങൾ പല വായനകൾ

**എഡി: സിവിക് ചന്ദ്രൻ**
**പേജ്: 82 വില: 70.00**
**സ്പെൽ ബുക്സ്**

രാമനും രാമായണത്തിനും പല വായനകളുണ്ടെന്നും പല വായനകൾ സാധ്യമാകണമെന്നും തുറന്നുകാട്ടുന്ന പുസ്തകം. എം.ജി.എസ്. നാരായണൻ, സാറാ ജോസഫ്, കെ.ഇ.എൻ, കൽപറ്റ നാരായണൻ തുടങ്ങിയവരുടെ ലേഖനങ്ങൾ.



### മലപ്പുറം പടപ്പാട്ട്: പാഠവും പഠനങ്ങളും

**ബാലകൃഷ്ണൻ വള്ളിക്കുന്ന്**
**പേജ്: 288 വില: 290.00**
**മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി**

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി അധിനിവേശവിരുദ്ധ പോരാളികൾക്ക് ഉള്ളിൽ ഊർജമായി നിറയുകയും കരുത്തായി പ്രവഹിക്കുകയും ചെയ്ത പാട്ടിൻെറ ചരിത്രം. തലമുറകളിലൂടെ പാടിപ്പകർന്ന വരികൾ ജീവൻ ചോരാതെ ഇന്നും ത്രസിപ്പിക്കുന്നു.

കഥ

# പാര ദോഷികം

സോക്രട്ടീസ് കെ. വാലത്ത്

എഴുത്തുകാരന് അനുമോദനാർഥം പാരിതോഷികമായി 'ഒരിന്നത്' കൊടുക്കാൻ പരക്കെ തീരുമാനായി. ടി കാര്യത്തിനായി ഒരു കൂടിയാലോശനായോഹം കൂടപ്പെട്ടു. ആയതിലേക്ക് എഴുത്തുകാരനേയും വിളിച്ചു വരുത്തി. അയ്മ്പതിനായിരം രൂവാ ഒരു മഹാസമ്മേളനമാം നടുക്കടലിനു മധ്യേ വച്ചു എഴുത്തുകാരനു കൊടുക്കാനും അജണ്ടയായി. അതും അതിലപ്പുറവും (ദുഷ്ടൻ) അർഹിക്കുന്നതായി ഉദ്ബോധനങ്ങളുമുണ്ടായി. ശേഷം ടി തുക പൈനായിരം രൂപ വീതം പരേതൻെറ, ക്ഷമിക്കണം, അവാർഡിതൻെറ 'ആൽമാർത്ത' സുഹൃത്തുക്കളും മോശല്ലാത്ത ചുറ്റുപാടുമുള്ള അഞ്ചു പേരിൽ നിന്നും ശരിക്കും പിരിച്ച് തന്നെ എടുക്കാമെന്നും വെച്ചു. തൽസമയം തന്നെ ഒന്നാം നമ്പർ സുഹൃത്തിന് കാര്യങ്ങൾ വിശദാക്കിക്കൊണ്ടുള്ള കോളു പോയി. എല്ലാം കേട്ടതിനു ശേഷം ആ സഹൃദയനായ സുഹൃത്ത് തന്റെ ഷെയർ ഉറപ്പായും ഉണ്ടായിരിക്കുമെന്ന് സഹർഷം പ്രഖ്യാപിച്ചപ്പോൾ എഴുത്തുകാരനൊഴികെ കമ്മിറ്റി മൊത്തം കോൾമയിർക്കൊണ്ടു. എഴുത്തുകാരനാകട്ടെ 'അടുത്തതും കൂടി കേട്ടിട്ട് മതി നാച്ച്ത്താ കൂദിത്താ' എന്ന മട്ടിലുമിരുന്നു.

സുഹൃത്ത് ആവേശപൂർവം തുടരുകയാണ്. 'എൻെറ ടെൻ തൗസൻറ് കിട്ടിയതായിത്തന്നെ കരുതി സംഗതി ഡിക്ളയർ ചെയ്തോ. കാശ് ഞാനവന് കാണുമ്പോ കൊടുത്താൽ മതീല്ലോ. അവനാണേ എന്നോട് അതൊട്ടു മേടിക്കേമില്ല. അതാ ഞങ്ങള് തമ്മിലൊള്ള ഒരിദ്. അതുകൊണ്ട് അത് പ്രശ്നാക്കണ്ടാ'.

ഇങ്ങനെ തന്നെ ബാക്കി നാലു ഉറ്റ സുഹൃത്തുക്കളും പറഞ്ഞതോടെ കമ്മിറ്റി ആശ്വാസപൂർവം ടി കാര്യം ഒരു കാലണയുടെ കാലിക്കവറിലേക്ക് ഇട്ട് മാറ്റി വയ്ക്കുകയും ഉടൻ തന്നെ അരലക്ഷം രൂപയുടെ അവാർഡു വിവരം പത്ര ചാനൽ ദ്വാരാ ഇഹലോകത്തെ അറിയിക്കുകയും ചെയ്തു.

ഉണ്ടായിരുന്ന ചില്ലറ വഴിച്ചെലവിനും മുടക്കി കാലിച്ചായയ്ക്കു പോലും ഗതിയില്ലാതെ വീട്ടിലെത്തിയ എഴുത്തുകാരനെന്ന ശവപ്പെട്ടിക്കു പുറത്ത് റെഡ്യായി നിൽക്കുന്ന ഭാര്യയുടെ വഹ ഒടുക്കത്തെ ആണി- 'ആദ്യം ജല്ലറീപ്പോകാ. അന്നട്ട് സാരി- എന്തേയ്?' •



ചിത്രീകരണം: കെ. സുധീഷ്




# ആമരാജ്യം

കുറച്ചു കാലമായി മതസൗഹാർദത്തിനു വല്ലാത്ത പുറംചൊറിച്ചിൽ. അസഹ്യം. എന്നിട്ടും മാന്തിയില്ല. മാന്തിപ്പോയാൾ പാടാണ്. മൊത്തം ചൊറിയേണ്ടി വരും. അതുകൊണ്ട് കടിച്ചു പിടിച്ച് നിന്നു. ഒടുക്കം ഒടുക്കം ഒട്ടും വയ്യന്നായി. ശരി മാന്തുക തന്നെ. മതസൗഹാർദം വലം കൈ പൊക്കി. പക്ഷേ, കൈപ്പത്തി ഇല്ല.

ഓ -. അതാ മൂവാറ്റുപുഴേ വെച്ച് പോയതാണല്ലോ.

ശരി, എന്നാപ്പിന്നെ ഇടം കൈ കൊണ്ട് ചൊറിയാം. മതസൗഹാർദം ആ കൈ പൊക്കി. അതിനും കൈപ്പത്തി ഇല്ല. ഓ - അതന്നാ ബാബരീ മസ്ജിദിൽ വെച്ച് പോയതാണല്ലോ.

മതസൗഹാർദം പിന്നെ മിണ്ടാതെ കണ്ണും പൂട്ടിയിരുന്നു. ചൊറിച്ചിൽ പുകച്ചിലായി. നീറ്റലായി. എല്ലാം കൂടി ചേർന്ന് ഒരു ലഹരി തന്നെയായി. നല്ല സുഖം. അതിനുള്ളിലേക്ക് തല വലിച്ചു. കൈപ്പത്തി ഇല്ലാത്ത കൈകളും കാലുകളും വലിച്ചു വെച്ചു. ചൊറിയുന്ന പുറം ഒരു മുറം പോലെയാക്കി . -ആഹാ നല്ല സുഖം! മത സൗഹാർദം നീട്ടിപ്പാടി- 'സാരെ ജഹാം സെ അച്ഛാ'. •



↓ സന മൊയ്തുട്ടി

photo courtesy: facebook.com/SanahMoiduttyOfficial

# ബോളിവുഡിലെ അരീക്കോട്ടുകാരി

## ‘തൂ ഹെ’ എന്ന പാട്ടിലൂടെ ബോളിവുഡിലെ മുന്നണി ഗായികയായി മാറിയ സന മൊയ്തുട്ടിയുടെ മലയാളി വേരുകളെക്കുറിച്ച്

**സന മൊയ്തുട്ടി/ ഷെബീൻ മെഹബൂബ്**

‘തൂ ഹെ’ ബോളിവുഡ് സംഗീതാസ്വാദകർക്കിടയിൽ തരംഗം തീർക്കുകയാണ്. അശുതോഷ് ഗോവാരിക്കറിൻെറ മോഹൻ ജൊദാരോ എന്ന ചിത്രത്തിലെ എ.ആർ. റഹ്മാൻ എന്ന ഇതിഹാസ സംഗീതജ്ഞൻെറ മാന്ത്രിക സ്പർശം പതിഞ്ഞ സൂപ്പർഹിറ്റ് ഗാനം. സിനിമ റിലീസ് ചെയ്യുംമുമ്പേ ലക്ഷക്കണക്കിന് ആളുകളുടെ ഹൃദയം കീഴടക്കിയ ഈ ഒരൊറ്റ ഗാനത്തിലൂടെ ബോളിവുഡിലെ മുൻനിര ഗായികമാരുടെ നിരയിൽ ഇടംപിടിച്ചിരിക്കുകയാണ് സന മൊയ്തുട്ടി എന്ന പുതുതലമുറ ഗായിക. എ.ആർ. റഹ്മാനൊപ്പമാണ് സന മൊയ്തുട്ടി ‘തൂ ഹെ’ ആലപിച്ചിരിക്കുന്നത്. ജന്മംകൊണ്ട് മുംബൈക്കാരിയാണെങ്കിലും തന്നെ മലയാളി പെൺകുട്ടിയെന്ന് വിശേഷിപ്പിച്ച് കാണുന്നതാണ് സനക്ക് ഇഷ്ടം. കാരണം, സനയുടെ കൂട്ടും കുടുംബവുമെല്ലാം ഇവിടെ കേരളത്തിലാണ്. മലപ്പുറം, അരീക്കോട് മാതാവിൻെറ വീടും പട്ടാമ്പിയിൽ പിതാവിൻെറ വീടും.



↑ എ.ആർ. റഹ്മാൻ, നടൻ സൂര്യ എന്നിവർക്കൊപ്പം സന മൊയ്തുട്ടി

2011ൽ പുറത്തിറങ്ങിയ ഓൾവേയ്സ് കഭി കഭി എന്ന ബോളിവുഡ് ചിത്രത്തിലൂടെയാണ് ബോളിവുഡ് പിന്നണി ഗാനരംഗത്തേക്കുള്ള സനയുടെ പ്രവേശം. പിന്നീട് 2013ൽ പുറത്തിറങ്ങിയ ഗോരി തേരാ പ്യാർ മേം എന്ന ചിതത്തിൽ ‘മോട്ടോ ഘോട്ടോലോ’ എന്ന ഗാനം മനോഹരമാക്കി. സൂര്യ ചിത്രം 24 ലെ മൊയ് നിഗാരാ എന്ന പാട്ടിലൂടെ തമിഴിലും സന അരങ്ങേറ്റംകുറിച്ചു. എ.ആർ. റഹ്മാൻ തന്നെയാണ് ഈ ചിത്രത്തിനും സംഗീതം ഒരുക്കിയത്. ‘തൂ ഹെ’ക്ക് പുറമെ മോഹൻ ജൊദാരോയിൽ രണ്ട് ഗാനങ്ങൾകൂടി സന ആലപിച്ചിട്ടുണ്ട്. വിദേശത്തടക്കം സംഗീതപരിപാടികൾ ധാരാളമുണ്ട് സനക്ക്. സനയുടെ കൂടുതൽ വിശേഷങ്ങളിലേക്ക്.

### ഞാനൊരു മലയാളി പെൺകുട്ടി

ജനിച്ചതും വളർന്നതും മുംബൈയിലാണെങ്കിലും എൻെറ ബന്ധുക്കളെല്ലാം കേരളത്തിലാണ്. നാട്ടിൽ വലിയ കുടുംബമാണ് ഞങ്ങളുടേത്. നിമ്മിനി എന്നാണ് വീട്ടുപേര്. ഒന്നോ രണ്ടോ വർഷം കൂടുമ്പോൾ കുടുംബസമേതം അങ്ങോട്ട് പോകാറുണ്ട്. പോകുമ്പോഴെല്ലാം കസിൻസും സുഹൃത്തുക്കളും ബന്ധുക്കളും എല്ലാം ചേർന്നുള്ള ആഘോഷ സമാനമായ സാഹചര്യമാകും അവിടെ. പ്രത്യേകിച്ചും അരീക്കോട്ട്. തമാശയും ചിരിയും കളിയുമായി വല്ലാത്തൊരു അന്തരീക്ഷമാണ് കുടുംബവീട്ടിൽ.

### തൂ ഹെ തന്ന സൗഭാഗ്യം

ഞാൻ വലിയ ഭാഗ്യവതിയാണ്. ‘തൂ ഹെ’ ഓഡിയോ റിലീസ് ആയതു മുതൽ തന്നെ എമ്പാടും പ്രശംസയും സ്നേഹവും എനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. എന്നെ പോലുള്ള ഒരു കലാകാരിക്ക് ഇതിൽ കൂടുതൽ എന്ത് ആശിക്കാനാകും? അതോടൊപ്പം തന്നെ ഇത് എൻെറ ഉത്തരവാദിത്തം വർധിപ്പിക്കുന്നുണ്ട്. കൂടുതൽ അധ്വാനിക്കാനും കൂടുതൽ മികച്ച പ്രകടനത്തിനും അത് എന്നെ നിർബന്ധിച്ചുകൊണ്ടിരിക്കുന്നു.

### ഇതിഹാസത്തിനൊപ്പം പാട്ടുമൂളി

റഹ്മാൻ സാറിൻെറ സിനിമയിൽ പാടുക എന്നത് ഏത് ഗായികയുടെയും സ്വപ്നമായിരിക്കും. എനിക്കും അങ്ങനെത്തന്നെയായിരുന്നു. റഹ്മാൻ സർ ഒരുക്കിയ പാട്ടിൽ അദ്ദേഹത്തോടൊപ്പംതന്നെ പാടാൻ എനിക്ക് അവസരം ലഭിച്ചു. ചില പരിചയക്കാർ മുഖേനയാണ് എൻെറ ശബ്ദ സാമ്പിളുകൾ റഹ്മാൻ സാറിന് അയച്ചുകൊടുക്കുന്നത്. അത് കഴിഞ്ഞ് രണ്ടുവർഷം കഴിഞ്ഞപ്പോഴാണ് അദ്ദേഹത്തിൻെറ ഓഫിസിൽനിന്ന് ഫോൺ വരുന്നത്. സ്റ്റുഡിയോയിൽ വ്യത്യസ്ത രീതിയിലും ശൈലിയിലും പാടാൻ അദ്ദേഹം ആവശ്യപ്പെട്ടു. അശുതോഷ് സാറും എൻെറ പാട്ടുകൾ കേട്ടു. അങ്ങനെയാണ് മോഹൻ ജൊദാരോയിലേക്ക് ക്ഷണം ലഭിക്കുന്നത്.

ജീവിതത്തിലെ ഏറ്റവും സുന്ദരമായ അനുഭവമായിരുന്നു റഹ്മാൻ സാറുമൊത്തുള്ള വർക്ക്. സ്വപ്നസമാനം എന്ന് നിസ്സംശയം പറയാം. അദ്ദേഹത്തിൽനിന്ന് ഞാൻ ആർജിച്ച അനുഭവങ്ങൾ, അറിവുകൾ അത്രയും വലുതാണ്. ഓരോ വരിയും ഇനിയുമിനിയും മികച്ചതാകണമെന്ന് എൻെറ മനസ്സ് എന്നോട് പറഞ്ഞുകൊണ്ടേയിരുന്നു. പാട്ടുകാരിൽനിന്ന് അദ്ദേഹത്തിലെ സംഗീത സംവിധായകൻ വലിയ പരീക്ഷണങ്ങളാണ് ആവശ്യപ്പെടുന്നത്. പാട്ടിൻെറ കാര്യത്തിൽ നമ്മുക്കെല്ലാവർക്കും ഒരു സുരക്ഷിത മേഖലയുണ്ടല്ലോ, അതിൽനിന്ന് പുറത്തുകടന്ന് കൂടുതൽ സാഹസികതകൾക്ക് അദ്ദേഹം നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരിക്കും. സംഗീതത്തിൻെറ കാര്യത്തിൽ സത്യമായിട്ടും അദ്ദേഹം ഒരു ഇന്ദ്രജാലക്കാരനാണ്. കലാകാരിയെന്ന നിലക്ക് എൻെറ ജീവിതത്തിലെ വഴിത്തിരിവാണ് റഹ്മാൻ സാറുമൊത്തുള്ള സംഗീതയാത്ര.

### പാട്ടിലേക്കുള്ള വഴി

എൻെറ മാതാവ് റസിയ മൊയ്തുട്ടി പാട്ടുകാരിയാണ്. സംഗീതത്തിൻെറ ലോകത്തേക്ക് എന്നെ ആനയിക്കുന്നത് അവരാണ്. കുഞ്ഞുനാൾ തൊട്ടേ ധാരാളം പാട്ടുകൾ എന്നെ കേൾപ്പിക്കുമായിരുന്നു. പാട്ടുകളുടെ നീണ്ട ശേഖരം തന്നെ അവരുടെ കൈയിൽ ഉണ്ട്. അത് കാസറ്റുകളിൽ റെക്കോഡ് ചെയ്ത് സൂക്ഷിച്ചിരിക്കും. വീട്ടിൽ 24 മണിക്കൂറും പാട്ട് വെച്ചിരിക്കും. ഉയരത്തിൽ വെച്ച സ്പീക്കറുകളിൽനിന്ന് പുറത്തുവരുന്ന ആ മനോഹര ഗാനങ്ങൾ ഇന്നും എൻെറ കാതിലുണ്ട്. പാട്ടിലുള്ള എൻെറ അഭിരുചി തിരിച്ചറിഞ്ഞ അന്നുമുതൽ സംഗീത ക്ലാസിന് അയച്ചുതുടങ്ങി.

സുന്ദരി ഗോപാലകൃഷ്ണൻെറ കീഴിൽ ആറുവർഷം കർണാട്ടിക് പഠിച്ചു. മധുവന്തി പേത്തേയുടെ കീഴിൽ ഏഴുവർഷത്തോളം ഹിന്ദുസ്ഥാനി ക്ലാസിക്കും അഭ്യസിച്ചു. കുട്ടികാലത്തുതന്നെ സ്റ്റേജ് പരിപാടികളിൽ സജീവമായിരുന്നു. പഠനവും പാട്ടും ഒരുമിച്ച് കൊണ്ടുപോകാൻ ശ്രമിച്ചിരുന്നു. പരീക്ഷാകാലത്ത് വരെ സ്റ്റേജ് ഷോകളുണ്ടായിരുന്നു. ഇടവേളകളിൽ സ്റ്റേജിൻെറ പിന്നിലിരുന്ന് പുസ്തകം വായിച്ചു പഠിച്ച കാലം എനിക്കുണ്ടായിരുന്നു. പിന്നീട് ഉസ്താദ് ഗുലാം മുസ്തഫ ഖാൻ സാഹിബിൻെറ ശിഷ്യയാകാൻ അവസരം ലഭിച്ചു. സാമന്ത എഡ്വാഡ്സിൽനിന്ന് വെസ്റ്റേൺ വോക്കൽസും പഠിച്ചു.

### ബോളിവുഡിൻെറ മാന്ത്രിക ലോകത്തേക്ക്

എൻജിനീയറിങ്ങിന് പഠിക്കുമ്പോഴാണ് സിനിമയിൽ പാടാൻ ആദ്യ അവസരം ലഭിക്കുന്നത്. കോളജിൽ നടന്ന ടാലൻറ് ഹണ്ടിൽ വിധികർത്താവായി വന്ന സംഗീത സംവിധായകൻ ശ്രീ ഡിക്ക് മത്സരാർഥിയായ എൻെറ പാട്ടും ശബ്ദവും ഇഷ്ടമായി. അതേ തുടർന്ന് അദ്ദേഹത്തിൻെറ ഓൾവേയ്സ് കഭീ കഭീ എന്ന ചിത്രത്തിലേക്ക് ക്ഷണിച്ചു. എൻജിനീയറിങ് പഠനം കഴിഞ്ഞ ഉടനെയാണ് ഗോരി തേരെ പ്യാർ മീ യിൽ പാടുന്നത്.

### ചിത്രച്ചേച്ചിയും ലാലേട്ടനും

മലയാളം സിനിമാ ഗാനങ്ങൾ വലിയ ഇഷ്ടമാണ് എനിക്ക്. ചിത്രച്ചേച്ചിയാണ് എൻെറ ഇഷ്ട ഗായിക. മനസ്സിനെ കീഴടക്കുന്ന മെലഡികളും അതിമനോഹര വരികളുമാണ് മലയാള സംഗീതത്തിൻെറ പ്രധാന ആകർഷണം. മലയാളത്തിൽ പാടുക എന്നത് വലിയ സന്തോഷമുള്ള കാര്യമാണ്. അവസരം ലഭിച്ചാൽ മലയാളത്തിൽ പാടും, തീർച്ച. നിരവധി സ്റ്റേജ് ഷോകൾ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും കേരളത്തിൽ അങ്ങനെ ഒന്ന് സംഭവിച്ചിട്ടില്ല. ഉടൻതന്നെ നാട്ടിൽ ഒരു ഷോ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷ. മലയാള സിനിമകൾ ധാരാളം കാണാറുണ്ട്. സിനിമയിലെ ഹാസ്യരംഗങ്ങളാണ് ഏറെ ഇഷ്ടം. വീട്ടുകാരോടൊപ്പം ചേർന്ന് യൂ ട്യൂബിൽ കോമഡിരംഗങ്ങൾ കാണൽ പതിവാണ്. ലാലേട്ടൻെറ വലിയ ഫാൻ ആണ് ഞാൻ.

### ഭാവിപരിപാടികൾ

ധാരാളം കാര്യങ്ങളുണ്ട് മനസ്സിൽ. യൂ ട്യൂബിൽ കൂടുതൽ ഗാനങ്ങൾ നൽകേണ്ടതുണ്ട്. വൈകാതെ തന്നെ പാട്ടിനുമാത്രമായുള്ള യൂ ട്യൂബ് ചാനൽ പ്രതീക്ഷിക്കാം. •

## ഹ്രസ്വസിനിമ



● ‘ആറടി’യിൽനിന്നുള്ള രംഗം

### വികസന ഇരകളുടെ തേങ്ങൽ

വർഗപരവും ധനപരവുമായ കാരണത്താൽ സാമൂഹികമായ അവഗണനയും ഒറ്റപ്പെടലും അനുഭവിക്കുന്നവരുടെയും വികസനത്തിൻെറ ഇരകളാവുന്നവരുടെയും പൊള്ളുന്ന ജീവിത യാഥാർഥ്യങ്ങൾ ആക്ഷേപഹാസ്യത്തിൻെറ മേമ്പൊടിയോടുകൂടി അവതരിപ്പിക്കുകയാണ് ആറടി എന്ന ഹ്രസ്വ ചിത്രം.

ഗ്രാമത്തെ കീറിമുറിച്ചു പോയ ഹൈവേ അവശേഷിപ്പിച്ച ഒന്നരസെൻറ് സ്ഥലത്താണ് സ്വാതന്ത്ര്യ സമര സേനാനിയും വേദ പണ്ഡിതനുമായ കുഞ്ഞിക്കോരു മാഷിൻെറ വീട്. സ്ഥല പരിമിതിയിൽ വീർപ്പുമുട്ടുന്ന ആ വീടിനുള്ളിൽ മാഷിനെ കൂടാതെ അപകടത്തിൽ പരിക്കേറ്റ് ഓർമകൾ നഷ്ടപ്പെട്ടു കഴിയുന്ന മകൻ രാഘവൻ, വൃദ്ധയായ സഹോദരി, ചെറുമകൻ സുനീഷ് തൈക്കാടൻ, ഭാര്യ സിനി, അവരുടെ കുട്ടികൾ എന്നിവരും താമസിക്കുന്നു. മാതൃ രാജ്യത്തിനുവേണ്ടി പോരാടിയതിന് കൂലി ആവശ്യമില്ല എന്നു പറഞ്ഞ് സ്വാതന്ത്ര്യ സമര പെൻഷൻ പോലും നിഷേധിച്ച ആദർശശാലിയാണ് മഹാ പണ്ഡിതനായ കുഞ്ഞിക്കോരു മാഷ്. അദ്ദേഹത്തിൻെറ ചെറുമകൻ സുനീഷ് തൈക്കാടൻ (കഥാനായകൻ) സ്ഥലത്തെ യുവജന സംഘടനയുടെ മണ്ഡലം പ്രസിഡൻറാണ്. നിലവിലത്തെ രാഷ്ട്രീയ, സാമൂഹിക കാരണങ്ങളാൽ വലിയ രീതിയിലുള്ള അവഗണനയാണ് ജീവിതത്തിൻെറ അവസാന കാലഘട്ടങ്ങളിൽ കുഞ്ഞിക്കോരു മാഷിനും അദ്ദേഹത്തിൻെറ കുടുംബത്തിനും അഭിമുഖീകരിക്കേണ്ടി വരുന്നത്. വർത്തമാനകാല രാഷ്ട്രീയത്തിലെ പൊള്ളത്തരങ്ങൾ തിരിച്ചറിയാതെ രാഷ്ട്രീയ പ്രവർത്തനം നയിക്കുന്ന സുനീഷ് തൈക്കാടൻെറ ജീവിതം സമാനതകളില്ലാത്ത നിരവധി പ്രതിസന്ധികളിലൂടെയും പ്രശ്നങ്ങളിലൂടെയുമാണ് കടന്നുപോകുന്നത്. പുതുമുഖവും തിയറ്റർ ആർട്ടിസ്റ്റുമായ മധു വിഭാകറാണ് സുനീഷ് തൈക്കാടനായി വേഷമിടുന്നത്. നായിക സിനിയെ അവതരിപ്പിക്കുന്നത് ഹിമ ശങ്കറാണ്. ചിത്രത്തിൻെറ സംവിധായകൻ സജി പാലമേലും ഒരു പ്രധാന റോൾ (ടെമ്പോ ഡ്രൈവർ കുമാരൻ, സുനീഷിൻെറ അമ്മാവൻ) കൈകാര്യം ചെയ്യുന്നു. ഗോപൻ കൽഹാരമാണ് കുഞ്ഞിക്കോരു മാഷായി അഭിനയിക്കുന്നത്. പ്രാദേശിക രാഷ്ട്രീയ നേതാവ് ശിവരാമൻ നായരെ അവതരിപ്പിക്കുന്ന ശിവജി ഗുരുവായൂർ ചിത്രത്തിലെ മുഴുനീള കഥാപാത്രമാണ്. സ്ഥലം എം.എൽ.എ ടി. പ്രകാശനായി ഇർഷാദും പ്രധാന വേഷത്തിലെത്തുന്നു. കൊച്ചു പ്രേമൻ, നരിയാപുരം വേണു, സ്റ്റെല്ല രാജു , കൃഷ്ണൻ ബാലകൃഷ്ണൻ, നിസ്താർ, അജയൻ അടൂർ, ആദിനാട് ശശി, സനിൽ കുമാർ, രജു പിള്ള, സജി ശശിധരൻ, അജയൻ മാടക്കൽ, പുന്നൂർ ശ്രീകുമാർ, ചന്ദ്രൻപിള്ള, അജയ്ഘോഷ്, രശ്മി തുടങ്ങിയവരാണ് മറ്റ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

പ്രശസ്ത കഥാകൃത്ത് ഇ. സന്തോഷ് കുമാറിൻെറ ഒരാൾക്ക് എത്ര മണ്ണുവേണം, എന്ന കഥയെ ആസ്പദമാക്കി പ്രശാന്ത് സി. തിരക്കഥയെഴുതിയ ആറടി (6 ഫീറ്റ്) സംവിധാനം ചെയ്യുന്നത് നവാഗതനായ സജി പാലമേടലാണ്. പ്രസാദ് എം., മധുസൂദനൻ എ.വി എന്നിവരാണ് നിർമാതാക്കൾ. രജി പ്രസാദാണ് കാമറ. പശ്ചാത്തല സംഗീതം രമേഷ് നാരായണൻ, ഡിസൈൻ ദിലീപ് ദാസ്, മേക്കപ്പ് പട്ടണം ഷാ, കലാസംവിധാനം ജ്യോതിഷ് ശങ്കറുമാണ്.

**എ.എസ്. ദിനേശ്**

## ചാനൽ



### ദുരൂഹതകൾക്കു ശേഷം

ക്രൈം വാർത്തകൾക്ക് നല്ല പ്രേക്ഷകരുണ്ട് മലയാളത്തിൽ. മിക്കവാറും മലയാള ചാനലുകൾ ഇത്തരം വാർത്തകൾക്ക് മാത്രമായി അര മണിക്കൂർ നീക്കിവെക്കാറുണ്ട്. എന്നാൽ, ഇതേ ക്രൈം വാർത്തകളെ വ്യത്യസ്ത രീതിയിൽ അവതരിപ്പിക്കുകയാണ് ഫ്ലവേഴ്സ് ചാനലിലെ ‘ശേഷം’. അത്രയൊന്നും വാർത്താപ്രാധാന്യം ലഭിക്കാതെപോയ, എന്നാൽ അങ്ങേയറ്റം ദുരൂഹത നിറഞ്ഞ സംഭവങ്ങളെയാണ് ഈ പരിപാടിക്കായി പിന്നണിക്കാർ തെരഞ്ഞെടുക്കുന്നത്. പ്രസ്തുത സംഭവത്തെ കുറിച്ച് സമഗ്രമായ ചിത്രം അരമണിക്കൂറിനുള്ളിൽ പരിപാടി പ്രേക്ഷകന് നൽകുന്നു. വസ്തുതകൾ കൂടുതൽ വ്യക്തതയിൽ പ്രേക്ഷകനിൽ എത്തിക്കാൻ ഫിക്ഷനെ കടമെടുക്കുന്നു ‘ശേഷം’.

പ്രമുഖ സീരിയൽ താരം പി.വി. ബൈജുവിൻെറ അവതരണം മികച്ചതാണ്. പെരുമ്പാവൂരിലെ ജിഷ വധം, വെള്ളറട വില്ലേജ് ഓഫിസിന് തീയിട്ട സാംകുട്ടിയുടെ ജീവിതം, കർണാടകയിലെ കോളജിൽ റാഗിങ്ങിന് ഇരയായ എടപ്പാൾ സ്വദേശിനിയുടെ ജീവിതം തുടങ്ങി കാലിക പ്രസക്തമായ ഒട്ടേറെ വിഷയങ്ങളുടെ അധികം ചർച്ചചെയ്യപ്പെടാത്ത തലങ്ങൾ ഈ പരിപാടി പുറത്തുകൊണ്ടുവന്നു. തിങ്കൾ മുതൽ വെള്ളി വരെ രാത്രി 10.30നാണ് സംപ്രേഷണം. ഇതിനകം 51 എപ്പിസോഡ് പിന്നിട്ടു. സി. ഉണ്ണികൃഷ്ണനാണ് സംവിധാനം.

**അശിയ**

ഉടൻ വിപണിയിൽ
നാഗ്പുർ ഓറഞ്ചുപോലും ബോംബായി കരുതുന്ന പുതിയ കാലത്തിൻെറ കഥ
ടി. പത്മനാഭൻ എഴുതുന്നു
ഒരു നിയമസമാധാന പ്രശ്നം
| ചന്ദ്രമതി | യു.കെ. കുമാരൻ | ശത്രുഘ്നൻ | മധുപാൽ | വി.എസ്. അനിൽകുമാർ | വി.എം. ദേവദാസ് | തമ്പി ആൻറണി | ജി.ആർ. ഇന്ദുഗോപൻ | ഏബ്രഹാം മാത്യു |
കഥകൾ തീരുന്നില്ല...
| സംവാദം | അഭിമുഖങ്ങൾ | ഫോട്ടോ അനുഭവം |
സ്വാതന്ത്ര്യത്തിന് തൊട്ടുമുമ്പുള്ള സംഭവബഹുലമായ ദിനങ്ങളുടെ ഓർമകളിലൂടെ ഒരു യാത്ര നടത്തുന്നു
എസ്. ജയചന്ദ്രൻ നായർ
യു.ആർ. അനന്തമൂർത്തിയുടെ ജീവിതവും നിലപാടുകളും തേടി ഒരപൂർവയാത്ര
വി. മുസഫർ അഹമ്മദ്
മാധ്യമം വാർഷികപ്പതിപ്പ് 2016